# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1256/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 21/11/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.10/1256/22 തീയ്യതി: 21/11/2022

## കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-10-2021 മുതൽ 18-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 03-10-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ.എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 19-08-2022 | 27-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-08-2022 | 27-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ.മനോജ് കുമാർ .ടി.ജോർജ്ജ് -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.നിഷ.കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.നിഖില.എ.എം -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. മിനി. കെ വി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.എൻ. അനിൽകുമാർ | സെക്രട്ടറി | 01-04-2021 | 10-02-2022 |
| ശ്രീമതി. ഷംന. കെ.വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രാജശ്രീ. കെ. കെ | കൃഷി ഓഫീസർ | 01-04-2021 | 04-01-2022 |
| ശ്രീ.ഹനീഷ് | കൃഷി ഓഫീസർ | 05-01-2022 | 31-03-2022 |
| ഡോ.അമൃദ.എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.രജിഷ.കെ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.സ്മിജ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗീത കുമാരി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷംന. കെ.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ബിന്ദു സുധാകർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീകുമാർ. ജി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. ഇബ്ല മഷൂദ്. എ. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 02-09-2021 |
| ശ്രീമതി.ഷീമ.കെ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 03-09-2021 | 31-03-2022 |
| ശ്രീ. വിജിൽ. വി. | വി ഇ ഒ (കീഴല്ലൂർ സെക്ഷൻ) | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രീജയ.സി.കെ | വി ഇ ഒ (എടയന്നൂർ സെക്ഷൻ) | 01-04-2021 | 31-03-2022 |
| ഡോ.സിനി.കെ.കെ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-1 |
| 2 | വാർഷീക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-4 |
| 6 | വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച 1.19 കോടി രൂപ പാഴായി<br>Written By: Lathavani (Audit Officer, On 01-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-4-1 |
| 7 | പദ്ധതിഅവലോകനം<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-5 |
| 8 | നഗര സഞ്ചയ ഗ്രാന്റ് ₹ 35 ലക്ഷം വകയിരുത്തി ശുചിത്വം,മാല്യന്യ സംസ്കരണം,കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും ഫണ്ട് ലഭ്യമായിട്ടില്ല<br>Written By: Lathavani (Audit Officer, On 01-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-5-1 |
| 9 | പദ്ധതി നിർവ്വഹണത്തിലെ പുരോഗതിയില്ലായ്മ<br>Written By: Lathavani (Audit Officer, On 01-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-5-2 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manoj Kumar.T.George (Asst. Audit Officer, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-6 |
| 11 | എം.ജി.എൻ.ആർ.ജി.എസ്. പദ്ധതി അവലോകനം<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-6-1 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-7 |
| 13 | പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 31-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-7-1 |
| 14 | സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കേണ്ടതാണ്<br>Written By: Lathavani (Audit Officer, On 30-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-7-2 |
| 15 | തൊഴിൽ രഹിത വേതന വിതരണം - വരുമാന ദായകമായതൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്<br>Written By: Lathavani (Audit Officer, On 01-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-7-3 |

| | | |
|---|---|---|
| 16 | ക്യാഷ് പരിശോധന<br>Written By: Nikhila A.M. (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 01-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-9 |
| 18 | ഗ്രാമ സഭ<br>Written By: Lathavani (Audit Officer, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-10 |
| 19 | കമ്മിറ്റികളുടെ പ്രവർത്തനം<br>Written By: Lathavani (Audit Officer, On 30-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-11 |
| 20 | ഇ ടെണ്ടർ തുക പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-12 |
| 21 | വസ്തുനികുതി - അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-13 |
| 22 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി<br>Written By: Nikhila A.M. (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-14 |
| 23 | കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല<br>Written By: Nikhila A.M. (Auditor, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-15 |
| 24 | തൊഴിൽ നികുതി ചുമത്തുന്നതിലെ അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-16 |
| 25 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-17 |
| 26 | ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Nikhila A.M. (Auditor, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-18 |
| 27 | വാടക കുടിശ്ശിക – കുടിശ്ശിക ഈടാക്കി മുറി പുനർലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Nikhila A.M. (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-19 |
| 28 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ യൂസർ ഫീസ് പിരിവ് -തുടർനടപടി അറിയിക്കേണ്ടതാണ്.<br>Written By: Nikhila A.M. (Auditor, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-20 |
| 29 | ഗ്രൂപ്പ് ഇൻഷ്വറൻസ് വരിസംഖ്യ കുറവായി ഈടാക്കുന്നു<br>Written By: Nisha K (Senior Grade Auditor, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-21 |
| 30 | എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല.<br>Written By: Nisha K (Senior Grade Auditor, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-22 |
| 31 | സേവന പുസ്തകങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-23 |
| 32 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യ പത്രം, പൂർത്തീകരണ | 1-24 |

| | | |
|---|---|---|
| | സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | |
| 33 | വൈദ്യുത തൂണുകൾ മാറ്റി സ്ഥാപിച്ചത് - വിനിയോഗ വിവരവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-25 |
| 34 | പഞ്ചായത്ത് ഓഫീസിന് ഹൈസ്പീഡ് സ്കാനർ ലഭിച്ചിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-26 |
| 35 | പൊതു കുടിവെള്ളക്കരം കുടിശ്ശിക ₹100486<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-27 |
| 36 | മഴക്കാല പൂർവശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-28 |
| 37 | ലൈബ്രറി സെസ് ഒടുക്കുന്നതിലെ കാല താമസം<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-29 |
| 38 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-30 |
| 39 | കാട് വെട്ട് യന്ത്രം വിതരണം- അപാകങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-31 |
| 40 | കന്നുകുട്ടി പരിപാലനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-32 |
| 41 | ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം - രേഖകളുടെ അഭാവത്തിൽ ₹1085920 തടസ്സപ്പെടുത്തുന്നു.<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-33 |
| 42 | ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം - രേഖകളുടെ അഭാവത്തിൽ ₹5,55,750 തടസ്സപ്പെടുത്തുന്നു<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-34 |
| 43 | ഹരിതകർമ്മസേനയ്ക്ക് വണ്ടി വാടക - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - ₹55650 തടസ്സപ്പെടുത്തുന്നു.<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-35 |
| 44 | റിട്രോഫിറ്റിംഗ് പ്രോജക്ട് ഫയലും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-36 |
| 45 | ബൊക്കാഷി ബക്കറ്റ് വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹600000 തടസ്സപ്പെടുത്തുന്നു.<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-37 |
| 46 | ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 29-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-38 |
| 47 | അങ്കണവാടി പോഷകാഹാരം- ന്യൂട്രിമിക്സ് തുകയിൽ നിന്നും ജി എസ് ടി – ടി ഡിഎസ് കുറവ് ചെയ്തിട്ടില്ല<br>Written By: Nikhila A.M. (Auditor, On 27-08-2022) | 1-39 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | |
| 48 | PHCക്ക് മരുന്നുവാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല<br>Written By: Nikhila A.M. (Auditor, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-40 |
| 49 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ഇതുവരെയും ലഭിച്ചിട്ടില്ല<br>Written By: Nikhila A.M. (Auditor, On 26-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-41 |
| 50 | തിരിച്ചു പിടിച്ച തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നില്ല<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-42 |
| 51 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല - ₹48771 തടസ്സപ്പെടുത്തുന്നു<br>Written By: Lathavani (Audit Officer, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-43 |
| 52 | തുടർ സാക്ഷരത പ്രോജക്റ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Lathavani (Audit Officer, On 28-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-44 |
| 53 | പഞ്ചായത്തിലെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ അപര്യാപ്തം.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 04-11-2022) | 1-45 |
| 54 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല<br>Written By: Lathavani (Audit Officer, On 31-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 1-46 |
| | ഭാഗം **2** | |
| 1 | ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ<br>Written By: Nikhila A.M. (Auditor, On 04-11-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Rajilan M.C (Deputy Director, On 21-11-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ<br>Written By: Lathavani (Audit Officer, On 02-09-2022)<br>Last Updated By: Rajilan M.C (Deputy Director, On 05-11-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Lathavani (Audit Officer, On 27-08-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Lathavani (Audit Officer, On 27-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 05-11-2022) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Lathavani (Audit Officer, On 27-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 02-09-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 27-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-11-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഭരണസമിതിയുടെ 20.2.2021 ലെ അജണ്ട-1- 18(1)/2021 നമ്പർ തീരുമാന പ്രകാരം ബജറ്റും, 26.3.2022 ലെ അജണ്ട-31/2022 നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചു

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2,62,52,392 | 5,49,78,585 |
| വരവ് | 18,55,02,060 | 26,06,66,830 |
| ആകെ | 21,17,54,452 | 31,56,45,415 |
| ചെലവ് | 18,83,45,680 | 21,34,86,680 |
| നീക്കിയിരിപ്പ് | 2,34,08,772 | 10,21,58,735 |

ബജറ്റിന്റെ പ്രാരംഭ നടപടികളായ വിവിധ ഘടക സ്ഥാപനമേധാവികളിൽ നിന്നും വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ആവശ്യപ്പെടുന്നതിലും അവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിക്കുന്നതിലും ബജറ്റ് മാനവലിൽ നിർദ്ദേശിച്ച വിധത്തിലുള്ള സമയക്രമം പാലിക്കുന്നില്ല. റിവൈസ്ഡ് ബജറ്റിന്റെ വിശദമായ വിവരങ്ങളൊന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനട്ട്സിൽ എഴുതിയിട്ടില്ല. പെർഫോർമൻസ് ബജറ്റ്,ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല

ധനകാര്യസ്റ്റാൻഡിംഗ്കമ്മിറ്റിയുടെ 19.2.21 ലെ 23/2021 നമ്പർ തീരുമാന പ്രകാരം 2021-22വർഷത്തേക്കുള്ള ബജറ്റ് അംഗീകരിക്കുവാനായി ഭരണസമിതിയ്ക്ക് ശുപാർശചെയ്തിട്ടുണ്ട്. എന്നാൽ 20.2.2021ന് ഭരണ സമിതി അംഗീകരിച്ച ബജറ്റും (അജണ്ട -1 തീരുമാന നം 18(1) /21,), ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശചെയ്ത ബജറ്റും തമ്മിൽ താഴെ കാണും പ്രകാരം വ്യത്യാസമുണ്ട്. വ്യത്യാസത്തിന് കാരണം വിശദമാക്കിയിട്ടില്ല

| | ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി | സകർമ |
|---|---|---|
| മുന്നിരിപ്പ് | 26252392 | 26252392 |
| വരവ് | 185502060 | 185502060 |
| ആകെ | 211754452 | 211754452 |
| ചെലവ് | 187845680 | 188345680 |
| നീക്കിയിരിപ്പ് | 23908772 | 23408772 |

### 1-2 വാർഷീക ധനകാര്യ പത്രിക

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 20.05.2022ലെ 1/54/2022നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 21.05.2022 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1. ആസ്തി രജിസ്റ്റർ 2020-21 വർഷം വരെയുള്ളത് മാത്രമേ കാലികമാക്കിയിട്ടുള്ളൂ. ആയതിനാൽ വാർഷിക കണക്കുകളിൽ ചേർത്തിട്ടുള്ള ആസ്തി മൂല്യം പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

2. B-9 ഷെഡ്യൂൾ പ്രകാരം ജീവനക്കാരുടെ KPEPF 64162 രൂപയും ഏപ്രിൽ മാസം അടവാക്കിയത് 58382 രൂപയുമാണ്. 2018മുതൽ ക്യാരി ഓവർ ചെയ്തു വരുന്ന 5780 രൂപ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3.ആസ്തികളുടെ തേയ്മാനമായി ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല

4.ഇൻകം & എക്സ്പെന്റിച്ചറിലെ Sale Of Scrap ഇനത്തിലെ തുക റസീറ്റ് & പേയ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5.B-4 പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ 363296രൂപ നീക്കിയിരിപ്പുണ്ട്. ബൊക്കാഷി ബക്കറ്റ് ഇനത്തിൽ 66622.5 രൂപയും റിംഗ് കമ്പോസ്റ്റ് ഇനത്തിൽ 169990 രൂപയും ഉൾപ്പെടെ 236612.5 രൂപയാണ്. ശേഷിച്ച 126683.5 രൂപ ഏത് ഇനത്തിൽ പിരിച്ചെടുത്തതാണെന്ന് വ്യക്തമല്ല

6. Advance To Implimenting Officers – വൌച്ചർ പ്രകാരം 2,75,000 രൂപ , അഡ്വാൻസ് രജിസ്റ്റർ പ്രകാരം 225000 രൂപ, ചെലവ് പത്രിക പ്രകാരം 250000 രൂപ തുകകൾ പൊരുത്തപ്പെടുന്നില്ല.

7. RP-18 & I-14 (C) ഷെഡ്യൂളിലെ 253101201എന്ന ഹെഡിൽ IKM ചെലവായി കാണിച്ചത് 146400 രൂപയാണ്. ചെലവ് പത്രിക പ്രകാരമുള്ള യഥാർത്ഥ ചെലവ് 57400 രൂപയാണ്.

8. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 627583 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ MGNREGS ക്യാഷ് ബുക്ക് പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്നത് 10,66,275 രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.
9.വിനിയോഗിക്കാൻ ബാക്കിയുള്ള ഡെപ്പോസിറ്റ് പ്രവൃത്തികളുടെ തുക, ബാലൻസ് ഷീറ്റിന്റെ B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല
10.വാർഷിക ധനകാര്യ പത്രികയോടൊപ്പം Note On Account തയ്യാറാക്കിയിട്ടില്ല
11.വാർഷിക ധനകാര്യ പത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 5,85,62,703.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,56,23,555.00 |
| ആകെ | 13,41,86,258.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,81,50,661.00 |
| നീക്കിയിരിപ്പ് | 6,60,35,597.00 |
| വരവിനങ്ങളിലെ നഷ്ടം/ | 5,500.00 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,46,091.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 1,45,53,400 | 1,45,53,400 | 1,34,89,734 | 10,63,666 |
| വികസനഫണ്ട്എസ്.സി.പി | | 9,54,000 | 9,54,000 | 9,54,000 | 0 |
| മെയിന്റനൻസ് റോഡ് | | 1,47,44,000 | 1,47,44,000 | 49,74,334 | 97,69,666 |
| മെയിന്റനൻസ് നോൺ റോഡ് | | 32,43,268 | 32,43,268 | 21,50,951 | 10,92,317 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽഫിനാൻസ് കമ്മീഷൻ-ബേസിക് | | | 31,18,965 | 31,18,965 | 25,36,075 | 5,82,290 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | | | 62,79,444 | 62,79,444 | 31,75,206 | 31,04,238 |
| ഐസിഡിഎസ് | | 664334 | 880657 | | 994299 | 5,50,692 |
| സാക്ഷരത | | 21,239 | 617 | 21,856 | 236 | 21,620 |
| ശുചിത്വം | | 2857992 | 0 | 2857992 | 2019402 | 838590 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | | 11240 | 0 | 11240 | 0 | 11240 |
| സ്റ്റേറ്റ് | | 1775 | 0 | 1775 | 0 | 1775 |
| സ്റ്റേറ്റ് | | 35,000 | 0 | 35,000 | 0 | 35,000 |
| അങ്കണ വാടി ബോർഡ് സ്ഥാപിക്കൽ | | 94,862 | 0 | 94,862 | 48,000 | 46862 |
| എംജിഎൻആർ ഇജിഎസ് | ഭരണചെലവ് | 451237 | 2322181 | 2773418 | 1278435+ 1485834 (തനത് ഫണ്ടിലേക്ക് റീ ക്ലപ് ചെയ്തത്) =2764269 | 9149 |
| | തൊഴിലാളി കളുടെകൂലി, സാധന സാമഗ്രി കളുടെ ചെലവ് | 451237 | 48532959 | 48532959 | 48532959 | 9149 |

എംജിഎൻആർഇജിഎസ് സ്ഥാപനത്തിലെ രജിസ്റ്ററിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ രജിസ്റ്ററിലെ തുകയാണ് സ്വീകരിച്ചത്.

## 1-4-1 വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച 1.19 കോടി രൂപ പാഴായി

2021-22 വർഷത്തെ വികസന ഫണ്ട്, ജനറൽ മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ വരവ് ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു. വകയിരുത്തിയ പദ്ധതി തുകയുടെ 63% മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. ബാക്കി 37%ലാപ്സായി .റോഡ്സംരക്ഷണ ഗ്രാന്റിന്റെ 33% റോഡിതര സംരക്ഷണ ഗ്രാന്റിന്റെ 64% മാത്രമാണ് ചെലവഴിച്ചത്. ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ ഇതുവരെയായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകാത്തതിനാൽ താഴെ കാണും പ്രകാരം 1.19 കോടി രൂപ നഷ്ടപ്പെട്ടിരിക്കയാണ്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ സമയ ബന്ധിതമായി നടപ്പിലാക്കി ലഭ്യമായ ഫണ്ട് ലാപ്സാകാതെ മുഴുവനും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

ഓരോ ഫണ്ടിനത്തിലും പഞ്ചായത്തിന് നഷ്ടപ്പെട്ട തുകകളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ആകെ | ചെലവ് | ലാപ്സ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 1,45,53,400 | 1,34,89,734 | 10,63,666 |
| മെയിന്റനൻസ്-റോഡ് | 1,47,44,000 | 49,74,334 | 97,69,666 |
| മെയിന്റനൻസ്-നോൺറോഡ് | 32,43,268 | 21,50,951 | 10,92,317 |
| | 32540668 | 20615019 | 11925649 |

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷംഅംഗീകാരംലഭിച്ചപ്രൊജക്ടുകൾനടപ്പാക്കിയതിന്റെവിവരംതാഴെചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 177 | 7,46,51,555 | 132 | 4,05,13,838 | 89 | 43 | 45 | 50 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 30,86,495 | 15 | 25,45,463 | 14 | 82 |
| 2 | വെറ്റിനറിസർജൻ | 32,72,278 | 8 | 18,80,542 | 8 | 57 |
| 3 | മെഡിക്കൽഓഫീസർ (പിഎച്ച്സി) | 29,95,269 | 8 | 18,94,759 | 7 | 63 |
| 4 | മെഡിക്കൽഓഫീസർ (ഹോമിയോ) | 3,30,000 | 2 | 3,00,000 | 1 | 91 |
| 5 | മെഡിക്കൽഓഫീസർ (ആയുർവേദം) | 10,27,400 | 3 | 9,96,692 | 2 | 97 |
| 6 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ -കീഴല്ലൂർ | 38,83,055 | 6 | 29,46,760 | 6 | 76 |
| 7 | വില്ലേജ്എക്സ്റ്റൻഷൻഓഫീസർ -എടയന്നൂർ | 59,94,630 | 15 | 41,40,871 | 11 | 69 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 49,71,200 | 6 | 48,58,790 | 6 | 98 |
| 9 | സെക്രട്ടറി | 1,58,95,929 | 41 | 45,81,916 | 25 | 29 |
| 10 | അസിസ്റ്റന്റ്എഞ്ചിനീയർ | 3,00,21,044 | 56 | 1,45,78,766 | 39 | 49 |
| 11 | അസിസ്റ്റന്റ്സെക്രട്ടറി | 14,56,751 | 7 | 4,80,296 | 6 | 33 |
| 12 | ഹെഡ്മാസ്റ്റർ | 7,17,504 | 8 | 4,13,009 | 5 | 58 |
| 13 | ക്ഷീര വികസന ഓഫീസർ | 10,00,000 | 2 | 8,95,974 | 2 | 90 |
| | | 7,46,51,555 | 177 | 4,05,13,838 | 132 | 54 |

## 1-5-1 നഗര സഞ്ചയ ഗ്രാന്റ് ₹ 35 ലക്ഷം വകയിരുത്തി ശുചിത്വം,മാലിന്യ സംസ്കരണം,കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും ഫണ്ട് ലഭ്യമായിട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2021-22 വർഷത്തേക്കുള്ള വാർഷിക പദ്ധതി നിർവഹണം ത്വരിതപ്പെടുത്തുന്നതിനുള്ള സ ഉ (സാധാ)നം 474/2022/ L S G D തീയതി 26.2.2022 മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നഗര സഞ്ചയ ഗ്രാന്റ് വകയിരുത്തി നിർവഹണം നടത്തുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷീക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തെ തുടർന്ന് താഴെ പറയുന്ന 6പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം | അടങ്കൽ |
|---|---|---|---|
| 1 | സെക്രട്ടറി | 202/22ഇലക്ട്രിക് ഓട്ടോറിക്ഷ | 4,00,000 |

| | | | |
|---|---|---|---|
| 2 | സെക്രട്ടറി | 191/22 ഹരിതകർമ്മസേന വാഹനം വാങ്ങൽ | 3,50,000 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 117/22-എം സി എഫ് കെട്ടിടം വിപുലീകരിക്കൽ | 20,00,000 |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | 204/22 കലക്ലേഴ്സ് അറ്റ് സ്കൂൾ | 2,33,200 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ | 183/22പൊതു കിണർ ശുചീകരണം | 6,00,000 |
| | | | 35,83,200 |

എന്നാൽ ഫണ്ട് ലഭ്യമാവുകയോ പദ്ധതി നടപ്പിലാക്കുകയോ ചെയ്തിട്ടില്ല . നഗര സഞ്ചയ ഗ്രാന്റ് ലഭിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട അടിസ്ഥാന വ്യവസ്ഥകൾ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 28.7.2021ലെ 15(2) FC-15/FCD/2020-25നമ്പർ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5-2 പദ്ധതി നിർവ്വഹണത്തിലെ പുരോഗതിയില്ലായ്മ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാനായി 41 പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും 25 പദ്ധതികൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഇതിൽ 12 പദ്ധതികൾ പൈപ്പ് ലൈൻ ഡെപ്പോസിറ്റ് പ്രവൃത്തികളാണ്. കൂടാതെ നടപ്പിലാക്കിയ മറ്റ് പദ്ധതികളിൽ ഭൂരിഭാഗവും ഐകെ എം വിഹിതം നൽകൽ,ടി എക്ക് വേതനം നൽകൽ,എസ് എസ് എ വിഹിതം നൽകൽ എന്നിവ പോലുള്ള പ്രവൃത്തികളാണ്. തനത് ഫണ്ട് അടങ്കലിൽ വച്ച പ്രോജക്ടുകളൊന്നും നടപ്പാക്കിയിട്ടില്ല . പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളായ തെരുവ് വിളക്കുകൾക്ക് എ എം സി, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നിവ പോലും നടപ്പിലാക്കിയിട്ടില്ല

സ്പിൽ ഓവർ പദ്ധതിയായ ദുരന്ത നിവാരണ സേനയ്ക്കായി 10,000 ഈ വർഷവും അടങ്കൽ വച്ചെങ്കിലും പദ്ധതി നടപ്പിലാക്കായിട്ടില്ല .

കോവിഡ് 19 മഹാമാരി രണ്ടാം ഘട്ട പ്രതിരോധ,പരിരക്ഷാ പ്രവർത്തനങ്ങൾക്കായും,മരുന്ന ഉപകരണങ്ങൾ എന്നിവ വാങ്ങാനും പദ്ധതി ആവിഷ്കരിച്ചെങ്കിലും മരുന്നും ഉപകരണങ്ങളും വാങ്ങൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല .പ്രതിരോധ,പരിരക്ഷാ പ്രവർത്തനങ്ങൾക്കായി നാമ മാത്രമായ തുകയാണ് ചെലവഴിച്ചത്.

അഞ്ചരക്കണ്ടി പുഴയുടെ സംരക്ഷണത്തിനായി 1,25,000ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ അടങ്കൽ തയ്യാറാക്കിയെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

ആസൂത്രണ പ്രക്രിയകൾ സമയബന്ധിതമായി നടപ്പിലാക്കി വിഭാവനം ചെയ്ത പദ്ധതികൾ മുഴുവൻ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 451237 | 2322181 | 2773418 | 1278435+ 1485834 (തനത് ഫണ്ടിലേക്ക് റീ കൂപ് ചെയ്തത്) =2764269 | 9149 |
| തൊഴിൽകൂലി + മെറ്റീരിയൽ | - | 48532959 | 48532959 | 48532959 | -- |
| ആകെ | 451237 | 50855140 | 51306377 | 51297228 | 9149 |

വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന എം.ജി.എൻ.ആർ.ജി.എസ് വരവ് ചെലവുകൾ പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഇതുമായി ബന്ധപ്പെട്ട എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

## 1-6-1 എം.ജി.എൻ.ആർ.ജി.എസ്. പദ്ധതി അവലോകനം

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷത്തിൽ 244 പദ്ധതികളാണ് ആക്ഷൻ പ്ലാൻ പ്രകാരം ഏറ്റെടുത്ത് പൂർത്തീകരിച്ചത്. പഞ്ചായത്തിൽ 2021-22വരെ ആകെ 2365 കുടുംബങ്ങളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് . 235 കുടുംബങ്ങൾ തൻ വർഷം പുതുതായി രജിസ്റ്റർ ചെയ്തു. 1326 കുടുബങ്ങൾക്കാണ് 2021-22 വർഷം തൊഴിൽ ലഭിച്ചത്. 774 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചു. ആകെ 104231 തൊഴിൽ ദിനങ്ങളാണ് തൻ വർഷം സൃഷ്ടിക്കപ്പെട്ടത്.

2021-22 വർഷത്തെ എം.ജി.എൻ.ആർ.ജി.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ-പരിശോധിച്ചപ്പോൾ താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുകയുണ്ടായി.

1) ജി.എസ്.ടി ഈടാക്കിയതായി കാണുന്നില്ല

ജി.എസ്.ടി ആക്ട് സെക്ഷൻ 51 അനുസരിച്ച് രണ്ടരലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ /ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്.ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. എന്നാൽ കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ മേൽപരാമർശിച്ചതു പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം തുക ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-9/24-08-22) ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നാണ് മറുപടി നൽകിയത്.

2) സൈറ്റ് ഡയറി സൂക്ഷിക്കുന്നില്ല

2021-22 വർഷത്തെ ഭൂരി ഭാഗം ഫയലുകളിലും സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല. ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നാണ് പഞ്ചായത്ത് മറുപടിനൽകിയത്.

3) സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കരാറുകാർ ഉൾപ്പെട്ട വാങ്ങൽ പ്രവർത്തികളുമായി ബന്ധപ്പെട്ട് സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഭാവിയിൽ സൂക്ഷിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 73,40,500 | 4684 |
| വിധവാപെൻഷൻ | 1,03,17,200 | 6535 |
| വാർദ്ധക്യകാലപെൻഷൻ | 2,07,91,200 | 14583 |
| ഭിന്ന ശേഷി പെൻഷൻ | 36,94,800 | 2363 |
| 50വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതപെൻഷൻ | 24,42,000 | 1545 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,00,000 | 10 |
| തൊഴിൽ രഹിത വേതനം | 11,640 | 6 |

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം, തൊഴിൽരഹിത വേതനം എന്നീ ഇനങ്ങളിലെ ഗുണഭോക്താക്കളുടെ എണ്ണം ഒഴികെ മറ്റ് പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ്ഥാപനം ലഭ്യമാക്കിയ വിവരമാണ് ഉൾപ്പെടുത്തിയത്.

## 1-7-1 പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | രജിസ്ട്രേഷൻ നം തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | എ.കുമാരൻ | 340429093195 | 2220230786 | 24.12.20 | 13/21 Dt 15.1.21 | കർഷക തൊഴി ലാളി പെൻഷൻ | 6/22 |
| 2 | ബാലകൃഷ്ണൻ മാത്തേര | 237548514064 | 111650100749 | 9.2.2021 | 22/2021 24.2.2021 | കർഷക തൊഴിലാളി പെൻഷൻ | 6/22 |
| 3 | രാജൻ നമ്പ്യാർസി.ടി | 738957142869 | 111650200691 | 4.2.2021 | 24/21 20.3.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 6/22 |
| 4 | ഉമ്പത്ത് ദേവു | 807353447267 | 2220230853 | 4.4.21 | 30/21 Dt23.4.21 | ക്ഷേമ നിധി ബോർഡ് പെൻഷൻ | 6/22 |
| 5 | കാർത്ത്യായനി കെകെ | 966473207934 | 2220335487 | 9.5.21 | 40/21 Dt11.6.21 | ക്ഷേമ നിധി ബോർഡ് പെൻഷൻ | 6/22 |
| 6 | മേപ്പാടൻ കല്ല്യാണി | 676182586579 | 111650200104 | 13.3.2021 | 63/21 Dt 10.8.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 6/22 |
| 7 | രോഹിണി സി കെ | 572315336900 | 111650100322 | 26.8.2021 | 71/21 Dt 9.9.21 | കർഷക തൊഴിലാളി പെൻഷൻ | 6/22 |
| 8 | നാരായണി അമ്മ ഒ വി | 784528872592 | 111650201158 | 4.10.21 | 85/21 Dt22.10.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 6/22 |
| 9 | ചിന്നഅമ്മ മാവില | 739046918712 | 111650200693 | 13.7.21 | 90/21 Dt26.10.21 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 6/22 |
| 10 | അലി.പി | 565534463919 | 111650201233 | 17.10.21 | 95/21 Dt | ഇന്ദിരാ | 6/22 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 23.11.21 | ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | |
| 11 | ഉഡുപ്പിയിൽ ലക്ഷ്മണൻ - | 301149477180 | 111650200243 | 9.11.2021 | 96/21 Dt23.11.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 6/22 |
| 12 | കെ,സൗമിനി | 293366849308 | 111650201130 | 10.12.2021 | 1/22 Dt5.1.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 6/22 |
| 13 | രജിത.പി | 620658729370 | 111430601259മുണ്ടേരി ഗ്രാമ പഞ്ചായത്ത് | 20.2.2022 | 27/22 Dt14.3.2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 6/22 |
| 14 | മുഹമ്മദ്., സി.എച്ച് | 849075497141 | 111650201230 | 2/3/2022 | 31/22 Dt 25.3.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 6/22 |

1-മേൽ പരാമർശിച്ചവരുടെ അക്കൗണ്ടിലേയ്ക്ക് മരണപ്പെട്ട ശേഷം ക്രഡിറ്റായ പെൻഷൻ തുക (ക്രമ നം 1,4,5 ക്ഷേമനിധി ബോർഡ് പെൻഷൻ ഒഴികെ) തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (31/26.8.2022)മറുപടി നൽകിയിട്ടുണ്ട്.

2-മരണപ്പെട്ടവരുടേയും അനർഹരായവരുടേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നടപടികൾ സേവന വെബ്സൈറ്റ് ഓപ്പൺ ആകുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണെന്നും മറുപടിനൽകിയിട്ടുണ്ട്.

3-പഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പ് വരുത്തുന്നില്ല. പെൻഷൻ സേവന സോഫ്റ്റ് വെയറും സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ് വെയറും, തമ്മിൽ ഇന്റഗ്രേറ്റ് ചെയ്യാത്തതിനാലാണ് മരണപ്പെടുന്നവരുടെ പെൻഷൻ ഓട്ടോമാറ്റിക് ആയി സസ്പെൻഡ് ആകാത്തത് എന്നും മറുപടി നൽകിയിട്ടുണ്ട്.

4- മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ പെൻഷൻ ഗുണഭോക്താവാണെങ്കിൽ ആ തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം ഇനിമുതൽ അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 1-7-2 സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കേണ്ടതാണ്

പഞ്ചായത്ത് ഡയറക്ടറുടെ 4/3/2021 PAN/2566/2020-DBT1(DP)നം കത്ത് പ്രകാരം താഴെ പറയുന്ന ,സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷപെൻഷൻ തിരിച്ചടക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിട്ടുണ്ട്. കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ താഴെ

കാണും പ്രകാരം സർവ്വീസ് പെൻഷൻ, ഫാമിലി പെൻഷൻ ലഭിക്കുന്ന 4 ഗുണഭോക്താക്കൾ അനർഹമായി തുക കൈപ്പറ്റിയിട്ടുണ്ട്. ഇവരുടെ ക്ഷേമ പെൻഷൻ നിലവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും, എന്നാൽ അനർഹമായി കൈപ്പറ്റിയ തുക തിരിച്ചടച്ചിട്ടില്ല എന്നുമാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (31/26/8/2022) മറുപടി നൽകിയത്. അധികം നൽകിയ തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള 00110102300269 നമ്പർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

| പേര് | പെൻഷണർ ഐഡി | കൈപ്പറ്റിയ തുക | പെൻഷൻ |
|---|---|---|---|
| പൊയിറ്റ്യാട്ടിൽ കരുണാകരൻ നമ്പ്യാർ | 111650400016 | 85,270 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ |
| കെ.കെ.യശോദ | 111650500008 | 91,970 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ |
| രോഹിണി.കെ | 111650600604 | 31,600 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ |
| ഗംഗാധരൻ | 111650400080 | 81320 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ |

## 1-7-3 തൊഴിൽ രഹിത വേതന വിതരണം - വരുമാന ദായകമായതൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്

തൊഴിൽ രഹിത വേതനമിനത്തിൽ ₹11,640 ചെലവഴിച്ചിട്ടുണ്ട് . 6 പേർക്കാണ് തുക നൽകിയത്. ഗുണഭോക്താക്കളുടെ സ്വയം സാക്ഷ്യപ്പെടുത്തിയവരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് വേതനം വിതരണം ചെയ്തിരിക്കുന്നത്. വരുമാനം നിശ്ചയിക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനമായതിനാൽ വില്ലേജ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കി വേതന വിതരണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഇവർക്ക് സ്വയം തൊഴിൽ സംരഭങ്ങൾ, തൊഴിലുറപ്പ് പദ്ധതി സാധ്യതകൾ എന്നിവ പ്രയോജനപ്പെടുത്താനാവുമോ എന്നീ കാര്യങ്ങൾ പരിശോധനവിധേയമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2022 ന് 4.12 P.M സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14328 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ററാഫ് മീറ്റിംഗുകൾ കൃത്യമായി കൂടിയിട്ടുണ്ട്. വസ്തു നികുതി പിരിച്ചെടുക്കുവാൻ ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നുണ്ടെങ്കിലും 100% എന്ന ലക്ഷ്യത്തിനായി മാർച്ച് മാസം അവസാനത്തോടെയാണ് ജീവനക്കാർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയത്. പദ്ധതി പുരോഗതി അവലോകനവും മാർച്ച് അവസാനമാണ് നടത്തിയത്. പെൻഡിംഗ് ഫയൽ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമഗ്ര ജോലി വിഭജനം, സെക്ഷൻ പുന: ക്രമീകരണം ഇക്കാലയളവിൽ ഉണ്ടായിട്ടില്ല. ഇൻകുമ്പൻസി രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കണക്കാക്കി തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല. മരണാനന്തരവും സാമൂഹ്യ സുരക്ഷപെൻഷൻ അനുവദിക്കുന്നുണ്ട്.

## 1-10 ഗ്രാമ സഭ

2021-22 വർഷത്തിൽ ഒരു ഗ്രാമ സഭ (22/1/2022) മാത്രമാണ് ചേർന്നിട്ടുള്ളത്. ഈ ഗ്രാമ സഭകളിൽ 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകാരം, വാർഷിക പദ്ധതി അവലോകനം, അതി ദാരിദ്ര്യ നിർണ്ണയം, പ്ലാസ്റ്റിക് മുക്ത ഗ്രാമ പ്രതിജ്ഞ എടുക്കൽ തുടങ്ങിയവയാണ് പ്രധാനപ്പെട്ട അജണ്ട. ഗ്രാമ സഭ യോഗങ്ങളിൽ നിശ്ചിത ക്വാറം തികയുന്നുണ്ട്. എന്നാൽ പങ്കെടുക്കുന്നവരുടെ മേൽവിലാസം, തൊഴിൽ, പ്രായം തുടങ്ങിയ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഗ്രാമ സഭ മിനുട്ട്സ് കൺവീനറും കോ-ഓർഡിനേറ്ററും സാക്ഷ്യപ്പെടുത്തണമെന്നുണ്ടെങ്കിലും ചില

ഗ്രാമസഭകളിലെ മിനട്ട്സ് (ഉദാ-വാർഡ്-3,56,10) ഇപ്രകാരം രണ്ട് പേരും സാക്ഷ്യപ്പെടുത്തുന്നില്ല. 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)അനുശാസിക്കുന്ന പ്രകാരം, ഓഡിറ്റ് റിപ്പോർട്ട്, ഭരണ സമിതി എടുത്ത തീരുമാനങ്ങളുടെ പകർപ്പ് സഹിതം ഗ്രാമ സഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം. 11/2018 ത.സ്വ.ഭ.വ, തീയതി 02.02.2018 ഖണ്ഡിക 3.2.3പ്രകാരം ഓരോ ഗ്രാമസഭാ യോഗത്തിന്റെയും തീരുമാനങ്ങൾ അവിടെ വച്ചുതന്നെ എഴുതി തയ്യാറാക്കി ഗ്രാമ സഭ അദ്ധ്യക്ഷൻ, കൺവീനർ, ഉദ്യോഗസ്ഥർ, യോഗത്തിൽ പങ്കെടുത്ത സഭാ അംഗങ്ങളിൽ ചുരുങ്ങിയത് 15 പേർ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തി സെക്രട്ടറിയെ ഏല്പിക്കേണ്ട ഉത്തരവാദിത്തം കോ-ഓർഡിനേറ്ററുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം

2021-22 വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി യോഗം ചേർന്നിട്ടുണ്ടെങ്കിലും യോഗത്തീയതി ചേർത്തിട്ടില്ല. മിനട്ട്സ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2021-22 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 2 തവണ യോഗം ചേർന്നിട്ടുണ്ട് മിക്ക വർക്കിംഗ് ഗ്രൂപ്പ് മിനട്ടിസിലും അംഗങ്ങളുടെ പേര് ഒപ്പ് മാത്രം രേഖപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്പദ്ധതികളുടെ രൂപീകരണത്തിന് ശേഷം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിപ്രോജക്ടിന്റെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മിക്കവർക്കിംഗ് ഗ്രൂപ്പുകളിലും ഇത്തരത്തിലുള്ള വിലയിരുത്തലുകൾ ഉണ്ടാകുന്നില്ല. ചില പദ്ധതികൾക്ക് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി പദ്ധതികൾക്കൊപ്പം വയ്ക്കുന്നുണ്ടെങ്കിലും പൂർത്തീകരണ പത്രത്തിൽ ചെയർമാൻ/ചെയർപെഴ്സൺ സാക്ഷ്യപ്പെടുത്തുന്നതല്ലാതെ കൺവീനർ സാക്ഷ്യപ്പെടുത്തുന്നില്ല. പദ്ധതി അവലോകനം നടത്തുന്നതിനായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൂടിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ പൂർണ്ണമായി എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 1/22,2/22&3/22 സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിന്റെ മിനട്ട്സ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധ കമ്മിറ്റികളുടെ മിനട്ട്സ് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റിയുടെ മോണിറ്ററിംഗ് ഫലപ്രദമാക്കേണ്ടതുമാണ്.

## 1-12 ഇ ടെണ്ടർ തുക പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറം വില കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ട് വന്നിരുന്നത്. പ്രസ്തുത തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2015-16 | 8820 |
| 2016-17 | 12455 |
| 2017-18 | 89600 |
| ആകെ | 110875 |

ഈ തുക ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. 2018-19 മുതൽ 2021-22 വരെയുള്ള തുകയായ 272963 രൂപ അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ എസ്.ബി.ഐ. ചാലോട് ശാഖയിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ഇതേ വരെ കൈമാറിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ-3/20-08-2022) പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി - അപാകങ്ങൾ

കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി

ഡി& ഒ ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമനം. | വാർഡ് നമ്പർ/ ബിൽഡിംഗ് | ലൈസൻസിയുടെ പേര് | വ്യാപാരം | ഉപയോഗക്രമം |
|---|---|---|---|---|

| | നമ്പർ | | | |
|---|---|---|---|---|
| 1 | 7/400 | ജോസ് ജോർജ്ജ് | സ്റ്റോൺ ക്രഷർ | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ് /കയർപിരി ഷെഡ് |
| 2 | 2/428, 429, 430, 431 | അബ്ദുൾ നാസർ | സൂപർമാർക്കറ്റ് | പാർപ്പിടാവശ്യം |
| 3 | 2/477, 478 | രാജേഷ് | മെറ്റൽ വർക്സ് | പാർപ്പിടാവശ്യം |
| 4 | 1/671 | എം. രാമചന്ദ്രൻ | സിമന്റ് വ്യവസായം | പാർപ്പിടാവശ്യം |
| 5 | l/726 | ജ്ഞംന. കെ. പി | മാവേലി സ്റ്റോർ | പാർപ്പിടാവശ്യം |
| 6 | 10/263 | അഷ്റഫ്. എ. കെ | പൗൾടി ഫാം | പാർപ്പിടാവശ്യം |
| 7 | 12/229 | ആശ്രിത്. കെ | അനാദിക്കച്ചവടം | ഓഫീസ് ആവശ്യത്തിനുള്ളവ |

മേൽ അപാകം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (നമ്പർ 27/25.08.22) മറുപടിയായി മുൻകാലങ്ങളിലെ റസീറ്റ് പ്രകാരം പുതുക്കി നൽകിയതിൽ സംഭവിച്ച പിശക് തിരുത്തുന്നതിനും കെട്ടിടത്തിന്റെ ഒക്കുപ്പൻസി മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഒക്കുപ്പൻസി തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളെ കണ്ടെത്തി ഇത് മൂലമുണ്ടായ നികുതി നഷ്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിലുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.കെട്ടിടങ്ങളുടെ വിവരം ലഭ്യമല്ല

ഡി& ഒ ലൈസൻസെടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനത്തിന്റെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല

| ക്രമനം. | വാർഡ് നമ്പർ/ ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 1 | 2/388 A | നസീർ. കെ. പി | സൂപർമാർക്കറ്റ് |

മേൽ പരാമർശത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 27/25.08.22) മറുപടിയായി കെട്ടിടങ്ങളുടെ പഴയ നമ്പരാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയത് കാലീകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. മേൽ വ്യക്തികൾ നിലവിൽ വസ്തുനികുതി ഒടുക്കി വരുന്നവരാണെന്നും, കെട്ടിട നമ്പറിലെ മാറ്റം കാരണം ഇവരുടെ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നിൽ വീഴ്ച വന്നിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2021-22 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഇളവ് നൽകിയ വർഷം |
|---|---|---|---|
| 1 | 6/219 | അച്യുതൻ | 2021-22 |

| | | | |
|---|---|---|---|
| 2 | 6/175 | കെ. ലക്ഷ്മിക്കുട്ടി | 2021-22 |
| 3 | 1/620 | രാഗേഷ് | 2021-22 |
| 4 | 1/688 | ജയരാജൻ | 2021-22 |

അപാകങ്ങൾക്ക് മറുപടി നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/21-22 തീയതി 25/08/22 മറുപടി ലഭ്യമാക്കിയിട്ടില്ല. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവരിൽ നിന്നും ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-15 കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല

2014-15,2015-16,2016-17 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിണ്ണയം നടത്തിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം, കാലാവധി | നിലവിലുള്ളതിന്റെയും കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെയും വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | സഞ്ചയ പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം(ച.മീ) |
|---|---|---|---|---|---|
| 1 | 14/280 | ചാത്തോത്ത് സുഷമ | 153/16-17 20.12.16 To 19.12.19 | GF(നിലവിലുള്ളത്)-80.21 FF(pro)-25.11 | 80 |
| 2 | 4/144 A | കുനിമ്മൽ ബാബുരാജ് | 92/16-17 14.10.16 To 13.10.19 | GF(നിലവിലുള്ളത്)-65.5 FF(pro)-55.71 | 65.5 |
| 3 | 10/115 C | ദിവാകരൻ | 66/16-17 26.07.16 To 25.07.19 | GF(നിലവിലുള്ളത്)-135.78 GF(നിലവിലുള്ളത്)-91.69 FF(pro)-66.66 | 58.96 |
| 4 | 3/178 | സക്കീന | 26/16-17 18.05.16 To 17.05.19 | GF(നിലവിലുള്ളത്)-72.63 FF(pro)-29.11 GF(pro)-4.23 | 36.75 |
| 5 | 12/344 | സുജാത | 43/16-17 13.06.16 To 12.06.19 | GF(നിലവിലുള്ളത്)-89.35 FF-(pro)-79.12 | 105 |
| 6 | 2/381 | സീനത്ത് | 54/17-18 28.01.17 To 27.01.19 | GF(നിലവിലുള്ളത്)-111.16 FF(pro)-91.48 | 112.5 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്.

മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 21 തീയതി 25-08-2022) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാർഡ് തലത്തിൽ ക്ലർക്കുമാർ ഫീൽഡ് തല പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്. ക്രമ നമ്പർ 3,4 പ്രകാരമുള്ള വ്യക്തികളുടെ കെട്ടിടങ്ങൾക്ക് നിലവിലുള്ളതിനേക്കാൾ കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്. അത് കൂടി പരിഗണിച്ച് നികുതി നിർണ്ണയത്തിൽ മാറ്റം വരുത്തേണ്ടതാണ്.

## 1-16 തൊഴിൽ നികുതി ചുമത്തുന്നതിലെ അപാകങ്ങൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെട്ടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം204ാം വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

2021-22 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം | കെട്ടിട നമ്പർ /സംരഭം |
|---|---|---|---|
| 1 | ജ്യോതിഷ് പ്രവീൺ | 3 | 7/448<br>ഓട്ടോമൊബൈൽ സെന്റർ |
| 2 | ശിഹാബ്. കെ. എ | 3 | 1/636,639,640<br>സ്പെയർ പാർട്സ് വില്പന |
| 3 | കെ. പി. സൂരജ് | 5 | 9/20 L<br>സ്റ്റാഫ് കാന്റീൻ |
| 4 | അനിത. കെ | 4 | 1/124,125<br>സ്റ്റേഷണറി |
| 6 | കെ. പത്മാവതി | 3 | 1/672<br>കുമ്മായം വില്പന |
| 7 | ഷാജ്. കെ | 6 | 1/78 R S T<br>മാർജിൻ ഫ്രീ മാർക്കറ്റ്<br>ഫ്ലോർമിൽ |
| 8 | മാനേജിംഗ് ഡയറക്ടർ, RAIDCO | 8 | 6/303, 304<br>ഫൈബർ ഉല്പന്ന നിർമാണം |
| 9 | അബ്ദുൾ നാസർ | 4 | 1/428,429, 430, 431<br>സൂപ്പർമാർക്കറ്റ് |
| 10 | അഷ്റഫ്. കെ. കെ | 4 | 14/386<br>വുഡ് ഇൻഡസ്ട്രീസ് |
| 11 | ജയചന്ദ്രൻ. പി. വി | 5 | 3/67 A<br>പെട്രോൾ പമ്പ് |

| | | | |
|---|---|---|---|
| 12 | ഇ.കെ. സന്തോഷ് കുമാർ | 4 | 1/793<br>ഹോട്ടൽ |
| 13 | ആനന്ദൻ കളത്തിൽ | 2 | 1/732 A<br>പ്രിന്റിംഗ് പ്രസ്സ് |
| 14 | അശ്വിൻ. എൻ | 2 | 1/530 B<br>കോക്കനട്ട് പ്രോസസിംഗ് |
| 15 | ടി. സി. ഗീത | 3 | 1/233<br>വസ്ത്ര വ്യാപാരം |
| 16 | മനോഹരൻ | 6 | 14/3 C D<br>ഹോട്ടൽ& സ്റ്റേഷണറി |
| 17 | ജയേന്ദ്രൻ | 3 | 2/593<br>നോട്ട് ബുക്ക് നിർമാണം |
| 18 | പ്രദീപൻ.കെ | 5 | 1/620<br>ഓട്ടോമൊബൈൽ സെന്റർ |
| 19 | രഹിന. കെ. പി | 4 | 1/78 A D<br>വസ്ത്ര വ്യാപാരം |
| 20 | പ്രശാന്ത് കുമാർ | 10 | 9/20 F<br>ഫുഡ് ആന്റ റിഫ്രഷ്മെന്റ് |
| 21 | മുനീർ. ടി.കെ | 2 | 1/806<br>ജ്വല്ലറി |
| 22 | സുധാകരൻ.എ | 4 | 1/235,234 A,78 U<br>വസ്ത്ര വ്യാപാരം |
| 23 | മേരി ജോസ് | 4 | 7/397<br>ഗ്രാനൈറ്റ് സ്റ്റോൺ സ്റ്റോക്ക്, വില്പന |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/25.08.22) മറുപടിയായി മേൽപ്പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100$^{m2}$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1648 |
| 2 | 100$^{m2}$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 181 |
| 3 | 200$^{m2}$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 9 |
| 4 | 200$^{m2}$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 149 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ, അസംബ്ലി കെട്ടിടം ഉടങ്ങിയവ | 20 |
| 6 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി | 146 |

| | | |
|---|---|---|
| | ഷെഡ്,കയർപിരി ഷെഡ് | |
| 7 | ഇതര വ്യവസായങ്ങൾക്കുള്ളവ | 30 |
| | ആകെ | 2183 |

കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി ആകെ 2183 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2021-22 വർഷം ഫാക്ടറീസ്, ട്രേഡ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 2183 കെട്ടിടങ്ങളിൽ 2021-22 വർഷം 666 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളു. ബാക്കിയുള്ള 1517 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വിവരം ലഭ്യമായിട്ടില്ല. ബാക്കിയുള്ള 1004 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. ആകെ കെട്ടിട നമ്പർ അനുവദിച്ചതിന്റെ 30% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 70% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. ഇത് സംബന്ധിച്ച് (24/25.08.22) നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പല സ്ഥാപനങ്ങളും ഒഴിഞ്ഞു കിടക്കുകയാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കീഴല്ലൂർ ഗ്രാമപഞ്ചായത്ത് 26-03-2018ലെ 5/51/18 ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽ വരുന്ന സേവനങ്ങൾക്കും ഉൽപാദനങ്ങൾക്കും താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| ഉൽപാദന മേഖല | ലൈസൻസ് ഫീസ് ₹ |
|---|---|
| 50000രൂപയ്ക്ക് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 100 |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 3 ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ മൂലധനം ഉള്ളത് | 500 |
| 25 ലക്ഷത്തിന് മുകളിൽ 1 കോടി വരെ മൂലധനം ഉള്ളത് | 1000 |
| 1 കോടിക്ക് മുകളിൽ 5 കോടി വരെ മൂലധനം ഉള്ളത് | 5000 |
| 5 കോടിക്ക് മുകളിൽ 10 കോടി വരെ മൂലധനം ഉള്ളത് | 10000 |
| 10 കോടിക്ക് മുകളിൽ | 15000 |
| സേവന മേഖല | |
| 50000 രൂപ വരെ മൂലധനം ഉള്ളത് | 100 |
| 50000മുകളിൽ 1ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 1ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 2 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 300001രൂപ മുതൽ 10ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 500 |
| 1000001 രൂപ മുതൽ 50ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 5000001രൂപ മുതൽ 2കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |
| 2 കോടിക്ക് മുകളിൽ 10 കോടി വരെ മൂലധനം ഉള്ളത് | 10000 |
| 10 കോടിക്ക് മുകളിൽ | 15000 |

എന്നാൽ താഴെ പറയുന്നവരിൽ നിന്നും മേൽ പറഞ്ഞിട്ടുള്ള നിരക്കിൽ നിന്നുംകുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പേര് / വാർഡ് നമ്പർ | ആവശ്യം | മൂലധനം | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കിയരശീതി നം &തീയതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1 | ഫ്രാൻസിസ്. ഏ. ജെ 1/554 | പ്ലാസ്റ്റിക്ക് നിർമാണം, വില്പന | 1500000 | 1000 | 500 | 106424/12.3.2022 | 500 |
| 2 | മേരി ജോസ് 7/397 | ഗ്രാനൈറ്റ് സ്റ്റോൺ സ്റ്റോക്ക്, വില്പന | 30000000 | 10000 | 5000 | 106365/18.2.2022 | 5000 |
| | ആകെ | | | | | | 5500 |

അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/25.08.2022) നൽകിയ മറുപടിയിൽ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയത് ടി സ്ഥാപനങ്ങൾ ഉല്പാദന മേഖലയിൽപ്പെട്ടവയാണെന്ന് കണക്കാക്കിയാണെന്നാണ് അറിയിച്ചിട്ടുള്ളത്. സേവന മേഖലയിൽ ഉൾപ്പെടുത്തി മേൽ സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന തുകയായ 5500/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

## 1-19 വാടക കുടിശ്ശിക - കുടിശ്ശിക ഈടാക്കി മുറി പുനർലേലം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ ₹1,69,912 തൻവർഷവും ₹3,21,242 മുൻവർഷങ്ങളിലും കുടിശ്ശികയുണ്ട്.

1. മുൻവർഷങ്ങളിലെ വാടക കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വാടകക്കാരന്റെ പേര്, റൂം നമ്പർ | വർഷം | പ്രതിമാസ വാടക | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|
| കെ പി പ്രഭാകരൻ, കോറോത്ത് പുരയിൽ, കണ്ടംകുന്ന്, നീർവേലി പി.ഒ, നിർമ്മലഗിരി. മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, റൂം നമ്പർ VI 301 | 2017-18 | 7166 | 85992 | 35830 | 50162 |
| | 2018-19 | 7166 | 85992 | - | 85992 |
| | 2019-20 | 7524 | 90288 | - | 90288 |
| | 2020-21 | 7900 | 94800 | - | 94800 |
| ആകെ | | | 357072 | 35830 | 321242 |

2. ഓഡിറ്റ് വർഷം വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വാടകക്കാരന്റെ പേര്, റൂം നമ്പർ | വർഷം | പ്രതിമാസ വാടക | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ പി പ്രഭാകരൻ,<br>കോറോത്ത് പുരയിൽ,<br>കണ്ടംകുന്ന്, നീർവേലി പി.ഒ, നിർമ്മലഗിരി.<br>മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്,<br>റൂം നമ്പർ VI /301 | 2021-22 | 8710 | 104520 | - | 104520 |
| ജസീല. പി<br>മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്,<br>റൂം നമ്പർ VI /306 | 2021-22 | 8174 | **81740 | 16348 | 65392 |
| ആകെ | | | 186260 | 16348 | 169912 |

**6/21, 7/21 മാസങ്ങളിൽ വാടക ഇളവ് നൽകി(കോവിഡ്)

ജി.എസ്. ടി, പിഴപ്പലിശ എന്നിവയടക്കം നാലുലക്ഷത്തിലധികം രൂപ വരുന്ന വാടക കുടിശ്ശിക ഇതിനോടകം ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഇല്ലെങ്കിൽ കുടിശ്ശിക ഈടാക്കാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാനും അഞ്ച് വർഷമായി വാടക ഒടുക്കാതെ കുടിശ്ശിക വരുത്തിയ വാടകക്കാരനിൽ നിന്നും പ്രസ്തുത മുറി തിരിച്ചെടുത്ത് പുനർലേലം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (25/21-22, 25-08-2022) കുടിശ്ശിക ഈടാക്കുന്നതിന് കേസ് നടന്നു വരികയാണ് (കേസ് നമ്പർ CS NO.02/2018) എന്നും ജപ്തി പ്രായോഗികമല്ലെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് വരുന്നു എന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. വാടകയുമായി ബന്ധപ്പെട്ട കരട് ബൈലൊ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരം വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും വാടക കുടിശ്ശിക പിഴ സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ യൂസർ ഫീസ് പിരിവ് -തുടർനടപടി അറിയിക്കേണ്ടതാണ്.

ബസ് സ്റ്റാന്റിലെ ടോയ് ലറ്റ്, കംഫർട്ട് സ്റ്റേഷൻ യൂസർ ഫീസും പാർക്കിംഗ് ഫീസും പിരിച്ചെടുക്കുന്നതിനുള്ള അവകാശം 2020-21 വർഷം ലേലം വഴി 52000/- രൂപയ്ക്ക് ശ്രീ എം.ടി.ബീരാൻ കോയ, കുർത്താട്ടിൽ ഹൗസ് എന്നയാൾക്ക് ലഭിച്ചിട്ടുണ്ട്. ഓഡിറ്റിന് സമർപ്പിച്ച ലേലക്കരാർ വ്യവസ്ഥ പ്രകാരം ലേലം/ടെണ്ടർ കൂടുതൽ സംഖ്യ വിളിച്ച് താൽക്കാലികമായി സ്ഥിരപ്പെടുത്തിയ ഉടനെ ലേല സംഖ്യയുടെ 25% വരുന്ന തുകയും 18% ജി എസ് ടി തുകയും ഡെപ്പോസിറ്റ് ചെയ്യേണ്ടതും ബാക്കിത്തുക 9 തുല്യ ഗഡുക്കളായി ഓരോ മാസത്തിലും 5ാം തിയ്യതിക്ക് മുമ്പായി അടവാക്കി രസീതി വാങ്ങേണ്ടതുമാണ്. അല്ലാത്തപക്ഷം, പ്രതിമാസം 2% പിഴപലിശയും കൂടി അടവാക്കേണ്ടതും സെക്യൂരിറ്റി തുക പിഴയായി കണ്ടുകെട്ടുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതുമാണ്. 12/05/21 തിയ്യതിയിലെ 1/40/21 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം എം.ടി.ബീരാൻ കോയ, കുർത്താട്ടിൽ ഹൗസ് എന്നവർക്ക് 52000/- രൂപയ്ക്ക് ബസ് സ്റ്റാൻഡ് കംഫർട്ട് സ്റ്റേഷൻ ഫീ പിരിക്കുന്നതിനുള്ള അവകാശം നല്കിയിട്ടുണ്ട്. രസീത് നമ്പർ 100067 തിയ്യതി 17.04.21 പ്രകാരം ലേല സംഖ്യയുടെ 25% വരുന്ന തുകയായ 13000/- രൂപ ടിയാള് അടവാക്കിയിട്ടുണ്ട്. എന്നാൽ ബാക്കി തുക ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (26/25.08.2022) മറുപടിയായി ടിയാൻ ലേല പ്രകാരമുള്ള തുക അടവാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രോസിക്യൂഷന് ഫയൽ ചെയ്തിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി അറിയിക്കേണ്ടതാണ്.

## 1-21 ഗ്രൂപ്പ് ഇൻഷ്വറൻസ് വരിസംഖ്യ കുറവായി ഈടാക്കുന്നു

ജി. ഒ (പി) നം.156/2021/ഫിൻ തീയതി 26.11.2021 പ്രകാരം 2021ഡിസംബർ മാസത്തെ ശമ്പളം മുതൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാർ പഴയ നിരക്കിൽ തന്നെയാണ് ജിഐഎസ് വരിസംഖ്യ അടയ്ക്കുന്നത്.

| ക്രമ നം. | ജീവനക്കാരന്റെപേര്/ തസ്തിക | ശമ്പള നിരക്ക് | അടവാക്കിയ വരിസംഖ്യ | അടവാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|
| 1 | ശ്രീമതി ഷംന കെ പി<br>അസി.സെക്രട്ടറി | ₹43400 - 91200 | ₹400 | ₹800 |
| 2 | ശ്രീ ബിജിത്ത് എൻ | ₹39300 | ₹400 | ₹800 |

| | | | | |
|---|---|---|---|---|
| | ബി<br>ഹെഡ് ക്ലർക്ക് | –<br>83000 | | |
| 3 | ശ്രീമതി ജിഷ ടി<br>അക്കൌണ്ടന്റ് | ₹39300<br>–<br>83000 | ₹400 | ₹800 |

മേൽ സർക്കാർ ഉത്തരവ് പ്രകാരം ജിഐഎസ് വരിസംഖ്യ പുതുക്കാത്തതിന് മറുപടി ലഭ്യമാക്കേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42/27.8.2022 ന് അടുത്ത മാസം മുതൽ വർദ്ധിപ്പിച്ച നിരക്കിൽ വരിസംഖ്യ ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി ജി ഐഎസ് പ്രീമിയം അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല.

ജി ഒ (പി) നം.159/2021/ഫിൻ തീയതി 30.11.2021 പ്രകാരം 1.2.2022 പ്രാബല്യത്തിൽ ജീവനക്കാരുടെ പോളിസി നിരക്ക് പുതുക്കി നിശ്ചയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാർ നിർദ്ദിഷ്ട നിരക്കിലും കുറവായിട്ടാണ് എസ് എൽ ഐ പ്രീമിയം ഒടുക്കുന്നത്.

| ക്രമ നം | പേര്/തസ്തിക /അടിസ്ഥാന ശമ്പളം | ഒടുക്കുന്ന മാസ വരിസംഖ്യ ₹ | ഒടുക്കേണ്ടത് ₹ |
|---|---|---|---|
| 1 | ശ്രീമതി ജിഷ ടി<br>അക്കൌണ്ടന്റ്<br>₹47800 | 300 | 800 |
| 2 | ശ്രീ.ബിജിത്ത് എൻ ബി<br>ഹെഡ് ക്ലർക്ക്<br>₹53900രൂപ | 500 | 900 |
| 3 | ശ്രീമതി ഷീബ ഇ<br>സീനിയർ ക്ലർക്ക്<br>₹38300 | 300 | 700 |

സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രീമിയം ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 40/27.8.2022ന് അടുത്ത മാസം മുതൽ നിർദ്ദിഷ്ട നിരക്കിൽ പ്രീമിയം അടവാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി എസ് എൽ ഐ പ്രീമിയം അടവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 സേവന പുസ്തകങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. ജി.ഒ (പി)നം.75/2007/ഫിൻ തീയതി 27.2.2007 പ്രകാരം ശ്രീ ബിജിത്ത് എൻ ബി, ഹെഡ് ക്ലർക്ക് ശ്രീമതി ഷൈനി പി കെ, ക്ലർക്ക് എന്നിവരുടെ ആദ്യ വർഷത്തെ ആർജ്ജിതാവധി 1/11 എന്ന നിരക്കിൽ പുനർ നിർണ്ണയിച്ചിട്ടില്ല.

2. കെ എസ് ആർ ഭാഗം III, ചട്ടം 150 പ്രകാരമുള്ള സേവന പരിശോധനാ പത്രം നിർദ്ദിഷ്ട പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-24 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യ പത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

2021-22 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികൾക്കായി ₹12,30,000 രൂപ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശങ്ങൾ | | ബിൽ നം. & തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം. & പേര്<br>അടങ്കൽ<br>ചെലവ് | 211/2022,മൂലയിൽ പൈപ്പ് ലൈൻ നീട്ടൽ<br>₹140000 (വികസന ഫണ്ട്)<br>₹140000 | 32/2021-22 / 22.3.2022 |
| 2 | പ്രോജക്ട് നം. & പേര്<br>അടങ്കൽ<br>ചെലവ് | 212/2022,വടക്കമ്പേത്ത് പൈപ്പ് ലൈൻ നീട്ടൽ<br>₹110000 (വികസന ഫണ്ട്)<br>₹110000 | 33/2021-22 /22.3.2022 |
| | പ്രോജക്ട് നം. & പേര്<br>അടങ്കൽ<br>ചെലവ് | 213/2022, പെരിളാഞ്ഞി പൈപ്പ് ലൈൻ നീട്ടൽ<br>₹130000 (വികസന ഫണ്ട്)<br>₹130000 | 34/2021-22 /23.3.2022 |
| 4 | പ്രോജക്ട് നം. & പേര്<br>അടങ്കൽ<br>ചെലവ് | 214/2022,കനാൽ പൈപ്പ് ലൈൻ നീട്ടൽ<br>₹130000 (വികസന ഫണ്ട്)<br>₹130000 | 31/2021-22 /22.3.2022 |
| 5 | പ്രോജക്ട് നം. & പേര്<br>അടങ്കൽ<br>ചെലവ് | 215/2022,വളയാൽ പൈപ്പ് ലൈൻ നീട്ടൽ<br>₹150000 (വികസന ഫണ്ട്)<br>₹150000 | 37/2021-22 /22.3.2022 |
| 6 | പ്രോജക്ട് നം. & പേര്<br>അടങ്കൽ<br>ചെലവ് | 216/2022, കുത്താംമ്പേത്ത് ക്ഷേത്രം പൈപ്പ് ലൈൻ നീട്ടൽ<br>₹180000 (വികസന ഫണ്ട്)<br>₹180000 | 35/2021-22 /22.3.2022 |
| 7 | പ്രോജക്ട് നം. & പേര്<br>അടങ്കൽ<br>ചെലവ് | 217/2022,കൊക്കയിൽ പൈപ്പ് ലൈൻ നീട്ടൽ<br>₹150000 (വികസന ഫണ്ട്)<br>₹150000 | 39/2021-22 /22.3.2022 |
| 8 | പ്രോജക്ട് നം. & പേര്<br>അടങ്കൽ<br>ചെലവ് | 218/2022, നെരിപ്പോട്ടക്കരി പൈപ്പ് ലൈൻ നീട്ടൽ<br>₹240000 (വികസന ഫണ്ട്)<br>₹240000 | 38/2021-22 /22.3.2022 |
| | ആകെ | ₹12,30,000 | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യ പത്രം, വിനിയോഗ സാക്ഷ്യപത്രം,മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ

പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/23.8.2022ന് വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

2021-22 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള സ്പിൽ ഓവർ പ്രവൃത്തികൾക്കായി ₹2,70,000 രൂപ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശങ്ങൾ | | ബിൽ നം. & തീയതി |
|---|---|---|---|
| 1 | പ്രോജക്ട് നം. & പേര് | 147/2022 (Spill Over), വളയാൽ പൈപ്പ് ലൈൻ നീട്ടൽ | 16/2021-22 /9.11.2021 |
| | അടങ്കൽ | ₹50000 (CFC) | |
| | ചെലവ് | ₹50000 | |
| 2 | പ്രോജക്ട് നം. & പേര് | 148/2022 (Spill Over), കൂത്താംമ്പേത്ത്ക്ഷേത്രം പൈപ്പ് ലൈൻ നീട്ടൽ | 15/2021-22 /9.11.2021 |
| | അടങ്കൽ | ₹100000 (CFC) | |
| | ചെലവ് | ₹100000 | |
| 3 | പ്രോജക്ട് നം. & പേര് | 149/2022 (Spill Over),കൊക്കയിൽ പൈപ്പ് ലൈൻ നീട്ടൽ | 18/2021-22 /9.11.2021 |
| | അടങ്കൽ | ₹60000 (CFC) | |
| | ചെലവ് | ₹60000 | |
| 4 | പ്രോജക്ട് നം. & പേര് | 150/2022 (Spill Over),നെരിപ്പോട്ടക്കരി പൈപ്പ് ലൈൻ നീട്ടൽ | 17/2021-22 /9.11.2021 |
| | അടങ്കൽ | ₹60000 (CFC) | |
| | ചെലവ് | ₹60000 | |
| | ആകെ | ₹2,70,000 | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യ പത്രം, വിനിയോഗ സാക്ഷ്യപത്രം,മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/4.8.2022 ന് മേൽ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ലായെന്നാണ് അറിയിച്ചത്. വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 വൈദ്യുത തൂണുകൾ മാറ്റി സ്ഥാപിച്ചത് - വിനിയോഗ വിവരവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 163/2022, വെള്ളിയാംപറമ്പ് മിനി ഇൻഡസ്ട്രിയൽ കോമ്പൌണ്ടിനുള്ളിലെ വൈദ്യുത തൂണുകൾ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | ₹159658 (തനത് ഫണ്ട്) |
| ചെലവ് | ₹159658 |
| വൌച്ചർ നം. & തീയതി | 22100355/12.8.2021 -₹58747<br>22100776/7.1.2022 - ₹100911 |

വെള്ളിയാംപറമ്പ് മിനി ഇൻഡസ്ട്രിയൽ കോമ്പൗണ്ടിനുള്ളിലേക്ക് യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വൈദ്യുത തൂണുകൾ മാറ്റി സ്ഥാപിക്കുന്നതിനായി അസി. എഞ്ചിനീയറുടെ (കെ എസ് ഇ ബി, ചാലോട് സെക്ഷൻ) പേരിൽ മേൽ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗ വിവരം, പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട്

എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/25.8.2022 ന് വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ആയത് അറിയിക്കേണ്ടതാണ്.

## 1-26 പഞ്ചായത്ത് ഓഫീസിന് ഹൈസ്പീഡ് സ്കാനർ ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 194/2022, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ, യുപി എസ്, ഹൈസ്പീഡ് സ്കാനർ മറ്റ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹837000 (തനത്ഫണ്ട്) |
| ചെലവ് | ₹800999 |
| വൌച്ചർ നം. & തീയതി | 22101107/21.3.2021 -₹96949<br>22101136/26.3.2021 - ₹198500<br>₹22101177/31.3.2022 -₹345555<br>₹22101208/31.3.2022 -₹159995<br>₹800999 |

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ, യുപി എസ്, ഹൈസ്പീഡ് സ്കാനർ മറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം 5 - Laptops,1 - Desk Tops, 1-Photocopier, 1- UPS എന്നിവ വാങ്ങുകയും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഹൈസ്പീഡ്സ്കാനർ ലഭ്യമാക്കുന്നതിനായി കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം ₹96949 കെൽട്രോൺ, കേരള സ്റ്റേറ്റ് ഐടി മിഷന്റെ അക്കൌണ്ടിലെക്ക് ട്രാൻസ്ഫർ ചെയ്തതിട്ടുണ്ട്. സ്കാനർ ലഭിച്ചിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.44/27.8.2022 ന് CPRCS സൈറ്റിൽ സ്കാനർ ലഭ്യമല്ലാത്തതിനാൽ ഇതു വരെ കിട്ടിയിട്ടില്ലായെന്നാണ് അറിയിച്ചത്. സ്കാനർ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 പൊതു കുടിവെള്ളക്കരം കുടിശ്ശിക ₹100486

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 63 ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 28943 രൂപ അടവാക്കുന്നുണ്ട്. ഓരോ മാസത്തെ ബില്ലിനോടൊപ്പവും കുടിശ്ശികയും പിഴയും ഡിമാന്റ് ചെയ്യുന്നുണ്ടെങ്കിലും മേൽ ടാപ്പുകളുടെ വെള്ളക്കരം മാത്രമേ അടവാക്കുന്നുള്ളൂ. 2022 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം അടവാക്കേണ്ട കരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 28.2.2022 ലെ നീക്കിയിരിപ്പ് | ₹100486 |
| പിഴ | ₹1971 |
| തൻമാസത്തെ ഡിമാന്റ് | ₹28943 |
| ആകെ | ₹131400 |

ഇപ്രകാരം കുടിശ്ശിക ഉണ്ടാകാനുള്ള സാഹചര്യം, കുടിശ്ശിക ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ, സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ എന്നിവ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.37/27.8.2022 ന് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും നൽകുന്ന ബില്ലിലെ ഡിമാന്റ് തുക മാത്രമാണ് അടവാക്കുന്നതെന്നും ബില്ലിൽ കാണുന്ന കുടിശ്ശിക സംബന്ധിച്ച വ്യക്തത വരുത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

17.11.2017 ന് ആണ് അവസാനമായി സംയുക്ത പരിശോധന നടത്തിയത്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴം

വെള്ളക്കരം അടവാക്കുന്നത്. വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക ഒഴിവാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-28 മഴക്കാല പൂർവശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

2021-22വർഷം പഞ്ചായത്തിലെ 14 വാർഡുകളിലെ മഴക്കാല പൂർവ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ, PHC യുടെ പേരിൽ ₹280000 (വൌച്ചർ നം.22100281/23.7.2021) തുക അനുവദിച്ചിട്ടുണ്ട്. ശുചിത്വമിഷൻ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത ഫണ്ട് കൂടി തനത് ഫണ്ടിൽ നിന്നാണ്(സ ഉ(സാധാ)നം. 1052/2021/തസ്വഭവ തീ.27.5.2021)അനുവദിച്ചത്. ടി തുകയുടെ ചെലവ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.36/27.8.2022 ന് വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത് .ഓരോ വാർഡിന്റേയും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

### 1-29 ലൈബ്രറി സെസ് ഒടുക്കുന്നതിലെ കാല താമസം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൗൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ /29-12-2000) ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. 2020-21 വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത മുഴുവൻ തുകയും 2021-22വർഷം പിരിച്ചെടുത്ത തുകയും സംസ്ഥാന ലൈബ്രറി കൌൺസിലിൽ അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം / പിരിച്ചെടുത്ത ലൈബ്രറി സെസ് | 2020-21 വർഷം ഒടുക്കിയ തുക | ഒടുക്കുവാൻ അവശേഷിച്ച തുക | വൌച്ചർ നമ്പർ തീയ്യതി, തുക |
|---|---|---|---|
| 2020-21 ₹822826 | ₹31772 | ₹791054 | 22100281/27.5.2021 - ₹791054 |
| 2021-22 ₹ 685497 | 2021-22 അർദ്ധവർഷം ഒടുക്കിയ തുക – ഇല്ല | ₹ 685497 | - |

ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാലതാമസം സംഭവിച്ചതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.41/27.8.2022ന് 2020-21 വർഷത്തെ ലൈബ്രറി സെസ് മേൽ വൌച്ചർ പ്രകാരം അടവാക്കിയിട്ടുണ്ടെന്നും 2021-22 പിരിച്ചെടുത്ത തുക അടവാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ മേൽ സർക്കുലറിൽ പരാമർശിച്ച സമയക്രമം പാലിച്ച് ലൈബ്രറി സെസ് അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-30 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് (പ്രോജക്ട് നം.85/22) വികസന ഫണ്ടിൽ നിന്ന് 57400 രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം.8/2021-22/3.8.2021) ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട് . എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-31 കാട് വെട്ട് യന്ത്രം വിതരണം- അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നമ്പർ | S0144/22 |
| പ്രോജക്ടിന്റെ പേര് | ജെ.എൽ.ജി. ഗ്രൂപ്പിൽ പെട്ട വനിതകൾക്ക് കാട് വെട്ട് യന്ത്രം വിതരണം |

| | |
|---|---|
| അടങ്കൽ | 125000 (62500- വികസന ഫണ്ട് , 62500- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 80997 (34320- വികസന ഫണ്ട് , 46677 - ഗുണഭോക്തൃ വിഹിതം) |

നിർവഹണ ഉദ്യോഗസ്ഥൻ ഇ ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മാനവൽ ബിൽ ബുക്ക് സൂക്ഷിച്ചിട്ടുമില്ല. ക്യാഷ് ബുക്ക്, ചെലവ് പത്രിക , ഹാജരാക്കിയ വൗച്ചർ എന്നിവ പ്രകാരമുള്ള ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവ് തുക | വിഭാഗം | ക്യാഷ് ബുക്ക് പ്രകാരമുള്ള വൗച്ചർ, നമ്പർ, തീയ്യതി |
|---|---|---|---|
| 1 | 34320 | വികസന ഫണ്ട് | വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. തീയ്യതി -22-03-2022 |
| 2 | 46677 | ഗുണ ഭോക്തൃ വിഹിതം | ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. |
| ആകെ | 80997 | | |

മേൽ സൂചിപ്പിച്ചു പ്രകാരം പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് രണ്ട് കാട് വെട്ട് യന്ത്രങ്ങൾ വാങ്ങിയതിന് 80997 രൂപ റെയിഡ്കോയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കാണുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

1) 14-02-2018ലെ സ.ഉ. (കൈ) നമ്പർ 22/2018/ത.സ്വ.ഭ.വ നമ്പർ പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 6.1 ന്റെ കുറിപ്പിൽ വാങ്ങുന്ന ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും മേൽനോട്ടം, നടത്തിപ്പ് തുടങ്ങിയവയ്ക്കായി പഞ്ചായത്ത് ഒരു സമിതി രൂപീകരിക്കുകയും യന്ത്രോപകരണങ്ങൾ വാടകക്ക് നൽകുന്നതിന്റെ വരവ് ചെലവ് കണക്കുകൾ പ്രസ്തുത സമിതി സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം കീഴല്ലൂർ പഞ്ചായത്തിൽ സമിതി രൂപീകരിക്കുകയോ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

2) മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഗുണ ഭോക്തൃ വിഹിതത്തിന്റെ വരവ് ചെലവുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

3) നിർവഹണ ഉദ്യോഗസ്ഥൻ സബ്സിഡിയറി രജിസ്റ്റർ , പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-11/25-08-2022) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 കന്നുകുട്ടി പരിപാലനം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. & പേര് | 23/2022, കന്നുകുട്ടി പരിപാലനം |
| അടങ്കൽ | ₹937500 (വികസന ഫണ്ട്)<br>₹937500 (മറ്റുള്ളവ) |
| ചെലവ് | ₹937500 (വികസന ഫണ്ട്) |
| ബിൽ നം. & തീയതി | 01/2021-22/27.10.2021 - ₹562500<br>04/2021-22/28.1.2022 - ₹375000<br>₹937500 |

തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ 4-6മാസം പ്രായമുള്ള 75 പെൺ കന്നുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ തീറ്റ നൽകുന്നതാണ് പ്രോജക്ട്. പ്രോജക്ട് നിർവഹണത്തിനായി SLBP ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൌണ്ടിലേക്ക് A/c No.71901140000003) ₹937500 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/25.8.2022 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം - രേഖകളുടെ അഭാവത്തിൽ ₹1085920 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കീഴല്ലൂർ സർക്കിൾ |
| പ്രോജക്ട് നം. & പേര് | 98/2022, ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം |
| അടങ്കൽ | ₹1104659 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹341(തനത് ഫണ്ട്)<br>₹110500 (ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹1085920 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം. & തീയതി | 1/26.3.2022 |

ഗ്രാമപഞ്ചായത്തിലെ 440 കുടുംബങ്ങളുടെ വീടുകളിലെ ജൈവമാലിന്യം വീടുകളിൽ തന്നെ സംസ്കരിച്ചുകൊണ്ട് പഞ്ചായത്തിനെ ഉറവിട മാലിന്യ സംസ്കരണ പഞ്ചായത്ത് ആക്കി മാറ്റുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിനാണ് റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് കരാർ നൽകിയത്.₹2460 ആണ് റിംഗ് കമ്പോസ്റ്റിന്റെ വില. ഗുണഭോക്തൃവിഹിതമായി ₹246 ഗ്രാമ പഞ്ചായത്തിൽ ഒടുക്കുന്നു. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം എന്ന രണ്ട് പ്രോജക്ട് ഒരേ സമയം നടപ്പിലാക്കി.

2. സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് പ്രാഥമിക കരാർ വെച്ചിട്ടുണ്ടെങ്കിലും അന്തിമ കരാർ വെച്ചിട്ടില്ല.

3. CGST/SGST Act,2017 ലെ വകുപ്പ് 51(1) പ്രകാരം കരാറുകാരായ സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ബില്ലിൽ നിന്നും 2% തുക TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് നൽകിയ 10,85,920 രൂപയിൽ നിന്നും TDS കുറവ് ചെയ്തിട്ടില്ല.

4. എത്ര വീടുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിച്ചിട്ടുണ്ടെന്ന ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഇല്ല.

5. പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല

6. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം / രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.35/27.8.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റേയും രേഖകളുടേയും അഭാവത്തിൽ ചെലവ് തുകയായ ₹1085920 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-34 ഗാർഹിക റിംഗ് കമ്പോസ്റ്റ് വിതരണം - രേഖകളുടെ അഭാവത്തിൽ ₹5,55,750 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,<br>കീഴല്ലൂർ സർക്കിൾ |
| പ്രോജക്ട് നം. | 187/2022 |
| അടങ്കൽ | ₹5,88,100 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹2,400 (തനത് ഫണ്ട്)<br>₹42120(ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹5,55,750 (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| വൌച്ചർ നം. & തീയതി | 22101218/31.3.2022 |

ഗ്രാമ പഞ്ചായത്തിലെ 250 കുടുംബങ്ങളുടെ വീടുകളിലെ ജൈവമാലിന്യം വീടുകളിൽ തന്നെ സംസ്കരിച്ചുകൊണ്ട് പഞ്ചായത്തിനെ ഉറവിട മാലിന്യ സംസ്കരണ പഞ്ചായത്ത് ആക്കി മാറ്റുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.. ഒരു യൂണിറ്റിന് 2470 രൂപയാണ് വില. സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ്, തലശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് വീടുകളിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കരാർ നൽകിയത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു..

1. സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനവുമായി കരാർ വെച്ചിട്ടില്ല.

2. ടി സ്ഥാപനത്തിന്റെ ഇൻവോയിസ് ഫയലിൽ ഇല്ല.

3. റിംഗ് കമ്പോസ്റ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല

4. CGST/SGST Act,2017 ലെ വകുപ്പ് 51(1) പ്രകാരം കരാറുകാരായ സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സിന്റെ ബില്ലിൽ നിന്നും 2% തുക TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് നൽകിയ 555750 രൂപയിൽ ( ജിഎസ് ടി ഒഴികെയുള്ള തുകയുടെ) നിന്നും TDS ഈടാക്കിയിട്ടില്ല.

5. ടി സ്ഥാപനത്തിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഇല്ലാത്തതിനാൽ എത്ര യൂണിറ്റുകൾ സ്ഥാപിച്ചുണ്ടെന്ന വിവരം വ്യക്തമല്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/27.8.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ ₹5,55,750 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു;

## 1-35 ഹരിതകർമ്മസേനയ്ക്ക് വണ്ടി വാടക - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - ₹55650 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കീഴല്ലൂർ ) |
| പ്രോജക്ട് നം. & പേര് | 186/2022, ഹരിതകർമ്മസേനയ്ക്ക് VGF,വണ്ടി വാടക |
| അടങ്കൽ | ₹200000 (തനത് ഫണ്ട്) |
| ചെലവ് | ₹55650 |
| വൌച്ചർ നം. & തീയതി | 22101223/31.3.2022 |

2021 ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ കോവിഡ് പ്രതിസന്ധി മൂലമുണ്ടായ വരുമാനക്കുറവ്

നികത്തുന്നതിനായി വിജിഎഫ് തുക നൽകുന്നതിനും ഹരിതകർമ്മ സേനയ്ക്ക് ആവശ്യമായ തുടർന്നുള്ള മാസങ്ങളിലെ വണ്ടി വാടകയും നൽകുന്നതാണ് പദ്ധതി. ടി പദ്ധതി പ്രകാരം വണ്ടി വാടക ഇനത്തിൽ ₹55650 കൺസോർഷ്യത്തിന് നൽകിയിട്ടുണ്ട്.. ഹരിത കർമ്മസേന സെക്രട്ടറി, പ്രസിഡന്റ് എന്നിവർ VEOയ്ക്ക് 11.3.2022 ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. എന്നാൽ ടി ചെലവിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.46/27.8.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും വിശദീകരണത്തിന്റേയും അഭാവത്തിൽ ചെലവ് തുകയായ ₹55650 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-36 റിട്രോഫിറ്റിംഗ് പ്രോജക്ട് ഫയലും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കീഴല്ലൂർ സർക്കിൾ) 2021-22 വർഷം നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് ഫയലും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം. & പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 139/22<br>റിട്രോഫിറ്റിംഗ് (വ്യക്തിഗതം) | 600000 (കേന്ദ്ര ഫണ്ട്)<br>515000 (തനത് ഫണ്ട്)<br>1115000 | 600000 |

പ്രോജക്ട് രജിസ്റ്റർ, ക്യാഷ് ബുക്ക്, സബ്സിഡയറി ക്യാഷ് ബുക്ക്, ഗുണഭോക്തൃ രജിസ്റ്റർ, വിതരണ രജിസ്റ്റർ, ബന്ധപ്പെട്ട ബില്ലുകൾ, വൗച്ചറുകൾ എന്നിവ സഹിതം പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/ 26.8.2022 ന് മറുപടി നൽകുകയോ ഫയലുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹600000 തടസ്സപ്പെടുത്തുന്നു.

## 1-37 ബൊക്കാഷി ബക്കറ്റ് വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹600000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കീഴല്ലൂർ സർക്കിൾ |
| പ്രോജക്ട് നം. & പേര് | 198/2022, ബൊക്കാഷി ബക്കറ്റ് വിതരണം |
| അടങ്കൽ | ₹600000 (കേന്ദ്രാവിഷ്കൃതം))<br>₹7400(തനത് ഫണ്ട്)<br>₹60000 (ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹600000 (കേന്ദ്രാവിഷ്കൃതഫണ്ട്) |
| വൗച്ചർ നം. & തീയതി | 22101219/31.3.2022 -₹594000<br>22101220/31.3.2022 -₹6000 |

ഗ്രാമ പഞ്ചായത്തിലെ 235 കുടുംബങ്ങളുടെ വീടുകളിലെ ജൈവമാലിന്യം വീടുകളിൽ തന്നെ സംസ്കരിച്ചുകൊണ്ട് പഞ്ചായത്തിനെ ഉറവിട മാലിന്യ സംസ്കരണ പഞ്ചായത്ത് ആക്കി മാറ്റുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിനാണ് ബൊക്കാഷി ബക്കറ്റ് വിതരണത്തിന് കരാർ നൽകിയത്. ഒരു യൂണിറ്റിന് 2835 രൂപയാണ്. ഗുണഭോക്തൃവിഹിതമായി ₹283.5 ഗ്രാമ പഞ്ചായത്തിൽ ഒടുക്കുന്നു. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. ഗ്ലോബൽ ഫാർമസ്യൂട്ടിക്കൽസ് പ്രാഥമിക കരാർ വെച്ചിട്ടുണ്ടെങ്കിലും അന്തിമ കരാർ വെച്ചിട്ടില്ല.

2. CGST/SGST Act,2017 ലെ വകുപ്പ് 51(1) പ്രകാരം കരാറുകാരായ മേൽ സ്ഥാപനത്തിന്റെ ബില്ലിൽ നിന്നും 2% തുക TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ സ്ഥാപനത്തിന് നൽകിയ ₹600000 രൂപയിൽ ( GST കുറവ് ചെയ്ത തുകയുടെ 2%)നിന്നും TDS കുറവ് ചെയ്തിട്ടില്ല.

3. പിരിച്ചെട്ടത്ത ഗുണഭോക്തൃവിഹിതം ചെലവഴിച്ചിട്ടില്ല

4. ബൊക്കാഷി ബക്കറ്റ് ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ഇല്ല

5. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം/രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം.45/27.8.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും വിശദീകരണത്തിന്റേയും അഭാവത്തിൽ ചെലവ് തുകയായ ₹600000 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-38 ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

ജി ഒ (പി) 177/2006 തീയതി 12.04.2006 ലെ ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശഭരണ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം ഉൾപ്പെടെ കണക്കുകൾ രേഖപ്പെടുത്തണം. കൂടാതെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകളുടെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി ക്യാഷ് ബുക്ക് (അനുബന്ധം IV) സൂക്ഷിക്കണം. ഇപ്രകാരമുള്ള കാഷ് ബുക്ക്, സബ്സിഡിയറി ക്യാഷ് ബുക്ക് എന്നിവ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കീഴല്ലൂർ സർക്കിൾ) സൂക്ഷിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മേൽ രജിസ്റ്ററുകൾ ക്രമപ്രകാരം സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-39 അങ്കണവാടി പോഷകാഹാരം- ന്യൂട്രിമിക്സ് തുകയിൽ നിന്നും ജി എസ് ടി – ടി ഡിഎസ് കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. & പേര് | അങ്കണവാടിശിശുമന്ദിരംപോഷകാഹാരം 16/2021-22 |
| അടങ്കൽ<br>ആകെ | ₹2200000 (വികസന ഫണ്ട്)<br>₹1000000 (കേന്ദ്രാവിഷ്കൃത ഫണ്ട് )<br>₹3200000 |
| ചെലവ്<br>ആകെ | ₹2200000 (വികസന ഫണ്ട്)<br>₹994299(കേന്ദ്രാവിഷ്കൃത ഫണ്ട് )<br>₹3194299 |
| ബിൽ നം. & തീയതി<br>ചെക്ക് നം. & തീയതി | 1/21-22/29.06.2021 -₹944591<br>2/21-22/10.08.2021 -₹444766<br>3/21-22/20.10.2021 -₹441309<br>6/21-22/15.12.2021 -₹17779<br>8/21-22/08.02.2022 -₹222926<br>10/21-22/15.03.2022 -₹122041<br>11/21-22/25.03.2022 -₹6588<br>012446/21-22/31.03.2022 -₹194159<br>1168678/21-22/27.12.2021 -₹444693<br>5540848/21-22/14.03.2022 -₹355447 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 18 അങ്കണവാടികൾക്കായി അനുഗ്രഹ ന്യൂട്രിമിക്സ് യൂണിറ്റ്-തെരൂർ പാലയോട്എന്നീ സ്ഥാപനത്തിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ള തുക) (₹) | ബിൽ നം., ചെക്ക് നം. & തീയതി |
|---|---|---|---|
| 1 | 1/5.4.2021 | 113163 | 1/21-22 /29.06.2021 |
| 2 | 7/1.06.21 | 104895 | |
| 3 | 17/02.09.2021 | 109383 | 3/21-22/20.10.2021 |
| 4 | 20/1.10.21 | 107730 | |
| 5 | 30/1.01.22 | 100878 | 8/21-22 /08.02.2022 |
| 6 | 36/05.03.2022 | 94972 | 10/21-22 /15.03.2022 |
| 7 | 33/1.2.2022 | 95681 | |
| 8 | 23/2.11.21 | 103241 | Ch.no 1168678/27.12.2021 |
| 9 | 26/02.12.2021 | 102768 | |
| 10 | 38/25.03.22 | 92846 | Ch.no 012446/31.03.2022 |
| 11 | 11/1.07.21 | 111746 | 2/21-22/10.08.2021 |
| 12 | 14/2.08.21 | 115290 | |
| | ആകെ | ₹12,52,593 | |

മേൽ തുകയിൽ നിന്നും ടിഡി എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി. നം. 7/28.06.2022 ന് അറിവില്ലായ്മകൊണ്ടാണ് ടിഡി എസ് ഈടാക്കാത്തതെന്നും അടുത്ത ബില്ലുകളിൽ നിന്നും കുറവ് ചെയ്യുന്നതാണെന്നുമുള്ള മറുപടിയാണ് ഹാജരാക്കിയത്. സർക്കാർ നിർദ്ദേശാനുസരണം സ്രോതസ്സിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കിയശേഷം സ്ഥാപനങ്ങൾക്ക് തുക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 PHCക്ക് മരുന്നുവാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -പി എച്ച് സി |
| പ്രോജക്ട് നമ്പർ / പേര് | 31/22 പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് തുക | ₹300,000 ബിൽ നമ്പർ : 8/21-22/30-01-2021 |

പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹3,00,000 കേരള മെഡിക്കൽ സർവീസ് കോർപറേഷന് നൽകിയിട്ടുണ്ട്. ഇതിൽ 76139 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.
ലഭ്യമായ മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ഇൻവോയിസ് നം,തിയ്യതി | തുക |
|---|---|
| 10659/30.12.21 | 26416 |
| 916/30.12.21 | 3065 |
| 10657/30.12.21 | 60999 |
| 12872/11.02.22 | 1892 |

| | |
|---|---|
| 14413/05.03.22 | 16695 |
| 908/27.04.22 | 37640 |
| 5726/07.07.22 | 77154 |
| ആകെ | 223861 |

മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുന്നതിനായി 26-08-2022 ന് നൽകിയ 32-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. 76139 രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയ്സ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-41 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ഇതുവരെയും ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പ്രോജക്ട് നമ്പർ / പേര് | 6/22 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് തുക | ₹300,000 ബിൽ നമ്പർ : 1/21-22/22-01-2022 |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹3,00,000 മാനേജിംഗ് ഡയറക്ടർ ഹോംകോയ്ക്ക് (അക്കൗണ്ട് നമ്പർ 34306403911) നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ രശീതിയോ മരുന്ന് ലഭ്യമായതിന്റെ വിവരമോ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 25-08-2022 ലെ 18/21-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ലെന്നുള്ള മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മരുന്ന് യഥാസമയം ലഭ്യമാക്കാത്തത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-42 തിരിച്ചു പിടിച്ച തുകകൾ ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുന്നില്ല

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ടാർ ബാരലിന്റെ വില , ബാരലിന്റെ ജി.എസ്.റ്റി എന്നീ ഇനങ്ങളിലുള്ള തുകകൾ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തു വരുന്നത്. 30-10-2007ലെ 59827/എഫ്.എം. /07/ തസ്വഭവ നമ്പർ സർക്കുലറിലെയും, ജി ഒ (പി ) 177/2006/ ഫിൻ 12.04.2006 നമ്പർ ഉത്തരവിലെയും നിർദ്ദേശ പ്രകാരം ഒഴിഞ്ഞ ടാർ വീപ്പയുടെ വില ഏത് ഫണ്ട് ഉപയോഗിച്ചാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

താർ വീപ്പയുടെ ജി.എസ്.റ്റി ഇനത്തിൽ ഈടാക്കിയ തുക ഒടുക്കിയത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ആവശ്യപ്പെട്ടിരുന്നുവെങ്കിലും പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ-10/20-08-2022)

## 1-43 എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല - ₹48771 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നം / പേര് | എസ് സി വിദ്യാർത്ഥികൾക്ക്<br>ലാപ് ടോപ്പ് വിതരണം 74/22 |
| അടങ്കൽ | 51,755വികസന ഫണ്ട്-ജനറൽ<br>75,957വികസന ഫണ്ട്(എസ് സി പി ) |

| | |
|---|---|
| ചെലവ് | 51,755<br>45,787 |
| ബിൽ നം &തീയതി | 6/30/3/22-51,755<br>7/30/3/22-45,787 |

എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം പദ്ധതി പ്രകാരം 2 ലാപ്പ്ടോപ്പ് @48771സെർവൈറ്റ് സിസ്റ്റം ,വിദ്യാനഗർ ക്രോസ്സ് റോഡ്,കടവന്ത്ര, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേന വാങ്ങിച്ചിട്ടുണ്ട്. ലാപ്പ് ടോപ്പ് നൽകിയ ആകാശ്.എ.കെ വിദ്യാർത്ഥി നളന്ദകോളേജ്, ഏച്ചൂർ എന്ന പാരലൽ കോളേജ് സ്ഥാപനത്തിലാണ് പഠിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ-സർക്കാർ ഉത്തരവ് (കൈ)നം 22/2018/ത സ്വ ഭ വ തീയതി 14.2.2018 ഖ-7-2 -9ൽപാരലൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കാത്തതിനാൽ ലാപ്ടോപ്പിന്റെ വിലയായ 48771 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (6/25.8.2022) മറുപടി നൽകിയിട്ടുണ്ട്.

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒരു പദ്ധതിയുടേയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

## 1-44 തുടർ സാക്ഷരത പ്രോജക്ട് രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് പേര്&നമ്പർ | തുടർ സാക്ഷരത<br>76/22 |
| അടങ്കൽ | 60,000 (വികസന ഫണ്ട് -പൊതു വിഭാഗം -സാധാരണ വിഹിതം) |
| ചെലവ് | 59,650 |
| ബിൽ/വൗച്ചർ നമ്പർ, തീയ്യതി | 4/ 30.3.22 -26,400<br>5/30.3.22 -33,250 |

പത്താം തരം തുല്യത, പ്ലസ് വൺ തുല്യത എന്നീ കോഴ്സ് ഫീയായി ആകെ 59,650 ചെലവഴിച്ചിട്ടുണ്ട്.

| കോഴ്സ് | പഠിതാക്കളുടെ എണ്ണം | തുക |
|---|---|---|
| പത്താം തരം | 19 | 33,250 |
| ഹയർ സെക്കണ്ടറി+1 | 12 | 26,400 |

കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയ്ക്ക് നൽകിയ തുകയുടെ തുക കൈപ്പറ്റ് രശീതി, പഠിതാക്കളുടെഹാജർ ലിസ്റ്റ്,പ ഠിതാക്കൾ കോഴ്സ് പൂർത്തീകരിച്ചതിന്റേയും, പരീക്ഷ നടത്തിപ്പിന്റെയും, സർട്ടിഫിക്കറ്റുകൾ ലഭിച്ചതിന്റെയും സാക്ഷ്യപത്രം, പഠിതാക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/23.8.2022/ മറുപടി ലഭ്യമാക്കിയിട്ടില്ല .

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒരു പദ്ധതിയുടേയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഒരു പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി കൂടേണ്ടതും റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്.

## 1-45 പഞ്ചായത്തിലെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ അപര്യാപ്തം.

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ ആസ്തി സംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട അപര്യാപ്തതകൾ നിലനിൽക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) 29-01-2018 തീയ്യതിയിലെ സ.ഉ.(കൈ)നമ്പർ 11/2018 നമ്പറായുള്ള പദ്ധതി മാർഗ രേഖ ഖ.6.7 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം പദ്ധതി രൂപീകരിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും റോഡ് കണക്ടിവിറ്റി മാപ്പും പൂർത്തീകരിച്ചിട്ടില്ല.

3)ഗ്രാമ പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി സംബന്ധിച്ച് വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-2/20-08-2022) ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് റവന്യൂ അധികാരികൾക്ക് കത്തുകൾ അയച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്.

4) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

അപാകങ്ങൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-46 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020ലെ സർക്കുലർ നമ്പർ എസി 1/125/2019-തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2021-22 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹4686820 നീക്കിയിരിപ്പുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കീഴല്ലൂർ ഗ്രാമപഞ്ചായത്ത് 26-03-2018ലെ 5/51/18 ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽ വരുന്ന സേവനങ്ങൾക്കും ഉൽപാദനങ്ങൾക്കും താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| ഉൽപാദന മേഖല | ലൈസൻസ് ഫീസ് ₹ |
|---|---|
| 50000രൂപയ്ക്ക് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 100 |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 3 ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ മൂലധനം ഉള്ളത് | 500 |
| 25 ലക്ഷത്തിന് മുകളിൽ 1 കോടി വരെ മൂലധനം ഉള്ളത് | 1000 |
| 1 കോടിക്ക് മുകളിൽ 5 കോടി വരെ മൂലധനം ഉള്ളത് | 5000 |
| 5 കോടിക്ക് മുകളിൽ 10 കോടി വരെ മൂലധനം ഉള്ളത് | 10000 |

| | |
|---|---|
| 10 കോടിക്ക് മുകളിൽ | 15000 |
| സേവന മേഖല | |
| 50000 രൂപ വരെ മൂലധനം ഉള്ളത് | 100 |
| 50000മുകളിൽ 1ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 1ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 2 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 300001രൂപ മുതൽ 10ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 500 |
| 1000001 രൂപ മുതൽ 50ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 5000001രൂപ മുതൽ 2കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |
| 2 കോടിക്ക് മുകളിൽ 10 കോടി വരെ മൂലധനം ഉള്ളത് | 10000 |
| 10 കോടിക്ക് മുകളിൽ | 15000 |

എന്നാൽ താഴെ പറയുന്നവരിൽ നിന്നും മേൽ പറഞ്ഞിട്ടുള്ള നിരക്കിൽ നിന്നുംകുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പേര് / വാർഡ് നമ്പർ | ആവശ്യം | മൂലധനം | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കിയരശീതി നം &തീയതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1 | ഫ്രാൻസിസ്. ഏ. ജെ 1/554 | പ്ലാസ്റ്റിക്ക് നിർമാണം, വില്പന | 1500000 | 1000 | 500 | 106424/12.3.2022 | 500 |
| 2 | മേരി ജോസ് 7/397 | ഗ്രാനൈറ്റ് സ്റ്റോൺ സ്റ്റോക്ക്, വില്പന | 30000000 | 10000 | 5000 | 106365/18.2.2022 | 5000 |
| | ആകെ | | | | | | 5500 |

അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/25.08.2022) നൽകിയ മറുപടിയിൽ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയത് ടി സ്ഥാപനങ്ങൾ ഉല്പാദന മേഖലയിൽപ്പെട്ടവയാണെന്ന് കണക്കാക്കിയാണെന്നാണ് അറിയിച്ചിട്ടുള്ളത്. സേവന മേഖലയിൽ ഉൾപ്പെടുത്തി മേൽ സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന തുകയായ 5500/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 19.8.2022 To 20.8.2022 | കെ.എസ്.എ/കെ.എൻ.ആർ/സി.10 /1256/2022 തീയതി 21.11.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രൊജക്ടിന്റെപേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് | 2,12,500 | സമഗ്രനെൽകൃഷി വികസനം-48/22 | 1,81,475 | 31025 |
| | 1,50,000 | ശാരീരികമാനസിക വെല്ലുവിളിനേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം -14/22 | 1,50,000 | 0 |
| | 1,97,576 | ലൈഫ് ഭവന നിർമ്മാണ പദ്ധതി (പട്ടിക വർഗ്ഗ വിഭാഗം)-130/22 | 1,97,576 | 0 |
| | 87,194 | ലൈഫ് ഭവന നിർമ്മാണ പദ്ധതി -126/22 | 87,194 | |
| | 3,74,974 | ക്ഷീര സംഘത്തിൽ പാൽ അളക്കുന്നക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -66/22 | 3,74,974 | 0 |
| കണ്ണൂർ ജില്ലാപഞ്ചായത്ത് | 52,500 | പച്ചക്കറി തൈവിതരണം 58/22 | 52500 | |
| | 2,12,500 | സമഗ്രനെൽകൃഷി വികസനം-48/22 | 1,81,475 | 31025 |
| | 2,00,000 | സമ്പൂർണ്ണ പാലിയേറ്റീവ് ജില്ലാ പാലിയേറ്റീവ് പരിചരണ പദ്ധതി 122/22- | 2,00,000 | 0 |
| | 2,00,000 | സമ്പൂർണ്ണ പാലിയേറ്റീവ് ജില്ലാ പാലിയേറ്റീവ് പരിചരണ പദ്ധതി 134/22- | 2,00,000 | 0 |
| | 4,00,000 | ലൈഫ് ഭവന നിർമ്മാണ പദ്ധതി -126/22 | 4,00,000 | 0 |
| | 1,50,000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം -14/22 | 1,50,000 | 0 |
| | 1,00,000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിതരണം -145/22 | 1,00,000 | 0 |
| | 21,000 | ക്ഷീര സംഘത്തിൽ പാൽ അളക്കുന്നക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -66/22 | 21,000 | 0 |

| | | | | |
|---|---|---|---|---|
| | 1,00,000 | ക്ഷീര സംഘത്തിൽ പാൽ അളക്കുന്നക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -141/22 | 1,00,000 | 0 |
| | 2,99,658 | ജലം സുലഭം പദ്ധതി- ജലസംരക്ഷണ പ്രവർത്തനം -കൊതേരിതോട്നവീകരണം -112/22 | 2,99,658 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക്നൽകിയതുകയുടെവിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ബിൽ നം. & തീയതി | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വെള്ളിയാംപറമ്പ് മിനി ഇൻഡസ്ട്രിയൽ കോമ്പൗണ്ടിനുള്ളിലെ വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കൽ | 159658 | 22100355/12.8.21 22100776/07.01.22 | ഇല്ല | 159658 |
| കേരള വാട്ടർ അതോറിറ്റി | 147/2022 (Spill Over), വളയാൽ പൈപ്പ് ലൈൻ നീട്ടൽ | ₹50000 | 16/2021-22 /9.11.2021 | ഇല്ല | ₹50000 |
| | 148/2022 (Spill Over), കുത്താംമ്പേത്ത്ക്ഷേത്രം പൈപ്പ് ലൈൻ നീട്ടൽ | ₹100000 | 15/2021-22 /9.11.2021 | ഇല്ല | ₹100000 |
| | 149/2022 (Spill Over),കൊക്കയിൽ പൈപ്പ് ലൈൻ നീട്ടൽ | ₹60000 | 18/2021-22 /9.11.2021 | ഇല്ല | ₹60000 |
| | 150/2022 (Spill Over),നെരിപ്പോട്ടക്കരി പൈപ്പ് ലൈൻ നീട്ടൽ | ₹60000 | 17/2021-22 /9.11.2021 | ഇല്ല | ₹60000 |
| | 211/2022,മൂലയിൽ പൈപ്പ് ലൈൻ നീട്ടൽ | ₹140000 | 32/2021-22 / 22.3.2022 | ഇല്ല | ₹140000 |
| | 212/2022,വടക്കമ്പേത്ത് പൈപ്പ് ലൈൻ നീട്ടൽ | ₹110000 | 33/2021-22 /22.3.2022 | ഇല്ല | ₹110000 |
| | 213/2022, പെരിങ്ങാഞ്ഞി പൈപ്പ് ലൈൻ നീട്ടൽ | ₹130000 | 34/2021-22 /23.3.2022 | ഇല്ല | ₹130000 |
| | 214/2022,കനാൽ പൈപ്പ് ലൈൻ നീട്ടൽ | ₹130000 | 31/2021-22 /22.3.2022 | ഇല്ല | ₹130000 |
| | 215/2022,വളയാൽ പൈപ്പ് ലൈൻ നീട്ടൽ | ₹150000 | 37/2021-22 /22.3.2022 | ഇല്ല | ₹150000 |
| | 216/2022, കുത്താംമ്പേത്ത് ക്ഷേത്രം പൈപ്പ് ലൈൻ നീട്ടൽ | ₹180000 | 35/2021-22 /22.3.2022 | ഇല്ല | ₹180000 |
| | 217/2022,കൊക്കയിൽ പൈപ്പ് ലൈൻ നീട്ടൽ | ₹150000 | 39/2021-22 /22.3.2022 | ഇല്ല | ₹150000 |

| | | | | | |
|---|---|---|---|---|---|
| | 218/2022, നെരിപ്പോട്ടക്കരി പൈപ്പ് ലൈൻ നീട്ടൽ | ₹240000 | 38/2021-22 /22.3.2022 | ഇല്ല | ₹240000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

| സ്ഥാപനം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | തുക |
|---|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ | 174/02.07.2006 | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം & തീയതി |
|---|---|---|---|---|
| 2016-17 | 3-11 | 65095 | രത്നാകരൻ | 121040500041 Dt 13.1.2022 |
| 2017-18 | 2-7 | 250 | രോഷ്നി രമേശൻ | 121040105675 Dt 11.1.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-9 | 2002-03 | 13.2 | ജനകീയാസൂത്രണപദ്ധതി - ചെലവുകൾ ഹാജരാക്കിയിട്ടില്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 10 | 2003-04 | 3.13.17 | പ്രോജക്ട് നമ്പർ 2 എൽപി വീഭാഗം പഠന കേന്ദ്രം പ്രോജക്ട് തുടങ്ങുന്നതിനുമുമ്പേ ചെലവഴിച്ച | നിയമസഭ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2000-01 | 14 | 2003-04 | 3.13.17 | ഗ്രാമീണ വൈദ്യുതീകരണം തുക നൽകിയതിലെ അപാകങ്ങൾ | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2013-14<br>2014-15 | 2-2 | 2016-17 | 2.2(3) | തൊഴിൽ നികുതി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2013-14<br>2014-15 | 2-2 | 2016-17 | 2.2(4) | തൊഴിൽ നികുതി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 1999-00 | 25 | 2004-05 | 3-13-3(1) | വീട് അറ്റകുറ്റപ്പണി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 7 | 2004-05 | 3-13-3(2) | പൂർത്തിയാക്കിയ വേലക്ക് വീണ്ടും ചെലവ് | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 15 | 2004-05 | 3-13-3(3) | പ്രീന്റിംഗ് പ്രസ്സ് നിർവ്വഹണ രേഖയില്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2001-02 | 7 | 2003-04 | 3-13-16 | മരാമത്ത് പ്രവൃത്തിക്ക് അധിക തുക നൽകി | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 2-6 | 2005-06 | 2-88(2) | ടാർ വാങ്ങുന്നതിന് പിൻവലിച്ച തുകയുടെ വിവരങ്ങൾ ഇല്ല | നിയമസഭ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75623555 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68150661 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,46,091 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-18 | 5,500 | | ശ്രീമതി.ഷംന .കെ.വി (അസിസ്റ്റന്റ് സെക്രട്ടറി ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-33 | 10,85,920 | ശ്രീ.വിജിൽ.വി (വി.ഇ.ഒ കീഴല്ലൂർ ) |
| 1-34 | 5,55,750 | ശ്രീ.വിജിൽ.വി (വി.ഇ.ഒ കീഴല്ലൂർ ) |
| 1-35 | 55,650 | ശ്രീ.വിജിൽ.വി (വി.ഇ.ഒ കീഴല്ലൂർ ) |
| 1-36 | 6,00,000 | ശ്രീ.വിജിൽ.വി (വി.ഇ.ഒ കീഴല്ലൂർ ) |
| 1-37 | 6,00,000 | ശ്രീ.വിജിൽ.വി (വി.ഇ.ഒ കീഴല്ലൂർ ) |
| 1-43 | 48,771 | ശ്രീ.ശ്രീകുമാർ.ജി(ഹെഡ്മാസ്റ്റർ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര്,തസ്തിക | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി.ഷംന.കെ.വി ( അസിസ്റ്റന്റ് സെക്രട്ടറി ) | അസിസ്റ്റന്റ് സെക്രട്ടറി കീഴല്ലൂർ ഗ്രാമ പഞ്ചായത്ത് | ചന്ദ്രകാന്തം,ചേലോറ,വാരം (പി ഒ) |
| ശ്രീ.വിജിൽ.വി (വി ഇ ഒ- കീഴല്ലൂർ ) | വി ഇ ഒ- കീഴല്ലൂർ | പ്ലസൻസ്,എരുവട്ടി(പി ഒ) കായലോട് |
| ശ്രീ.ശ്രീകുമാർ.ജി(ഹെഡ്മാസ്റ്റർ) | ലഭ്യമല്ല | ശ്രീഹർഷം,കായല്ലൂർ റോഡ്(പി ഒ) ചാവശ്ശേരി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 പദ്ധതി വിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 1 |
| 1999-2000 പദ്ധതി വിഹിതം ഒഴികെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 1999-20 പദ്ധതി വിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 2000-01 പദ്ധതി വിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |

| | | |
|---|---|---|
| 2000-01 പദ്ധതി വിഹിതം ഒഴികെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 2000-01 വരവ് | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 3 |
| 2001-02 പദ്ധതി വിഹിതം | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 1 |
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 6 |
| 2003-04 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 12 |
| 2004-05 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 7 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 19 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 1 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 3 |
| 2009-10 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 3 |
| 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 5 |
| 2011-12 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 3 |
| 2013-14, 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 2 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 1 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/742/19 തീയതി 7-6-19 | 6 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി 10/1154/19 തീയതി31-10-19 | 9 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.10 /205/20തീയതി15-6-20 | 27 |
| 2019-20 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.10 /1258/21 തീയതി: 23.12.2021 | 19 |
| 2020-21 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.10 /1259/21 തീയതി: 24.12.2021 | 11 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം , കണ്ണൂർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Keezhallur Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 58425141.00 |
| Cash | Cash | RP-40(a) | 137562.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 3671955.00 |
| 140000000 | Fees & User Charges | RP-4 | 1041929.00 |
| 150000000 | Sale & Hire Charges | RP-5 | 200818.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36087657.00 |
| 171000000 | Interest Earned | RP-9 | 1697571.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10306852.00 |
| 350000000 | Other Liabilities | RP-36 | 847542.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 7980.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 37304.00 |
| 340000000 | Deposits Received | RP-34 | 26250.00 |
| 350000000 | Other Liabilities | RP-36 | 957900.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 20739797.00 |
| | Grand total | | 134186258.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2574711.00 |
| 220000000 | Administrative Expenses | RP-12 | 1105474.00 |
| 230000000 | Operations & Maintenance | RP-13 | 2053327.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4761362.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12075283.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 439012.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 247607.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 344116.00 |
| 255000000 | Maintenance Projects | RP-20 | 5908654.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1001000.00 |
| 280000000 | Prior Period item | RP-26 | -6625.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 601656.00 |
| 350000000 | Other Liabilities | RP-36 | 19687736.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 11486.00 |
| 280000000 | Prior Period Item | RP-26 | -214509.00 |
| 311000000 | Earmarked Funds | RP-29 | 22000.00 |
| 340000000 | Deposits Received | RP-34 | 84333.00 |
| 350000000 | Other Liabilities | RP-36 | 4837508.00 |

| | | | |
|---|---|---|---|
| 410000000 | Fixed Assets | RP-38 | 2781524.00 |
| 412000000 | Capital work in Progress | RP-40 | 171689.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8086587.00 |
| 460000000 | Loans, Advances and Deposits | RP-47 | 1576730.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 65907847.00 |
| Cash | Cash | RP-40(b) | 127750.00 |
| | Grand Total | | 134186258.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Keezhallur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 18185381.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 884954.00 |
| 140000000 | Fee & User Charges | I-4(b) | 1911985.00 |
| 150000000 | Sale & Hire Charges | I-5(b) | 224464.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 134706180.00 |
| 171000000 | Interest Earned | I-8 | 1697571.00 |
| 180000000 | Other Income | I-9 | 7980.00 |
| | Total Income | | 157618515.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12890650.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 1198474.00 |
| 230000000 | Operations & Maintenance | I-12(b) | 2153327.00 |
| 240000000 | Interest & Finance Charges | I-13 | 11486.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5606608.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 52367395.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 7499439.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1009545.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44929816.00 |
| 255000000 | Maintenance Projects | I-14(e) | 5908654.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1001000.00 |
| 270000000 | Provisions and Write off | I-16 | 2142.00 |
| 272000000 | Depreciation | I-17(a) | 9188678.00 |
| | Total Expenditure | | 143767214.00 |
| | Gross Surplus/ Deficit of income over Expenditure | | 13851301.00 |
| 280000000 | Prior Period Item | I-18 | -232199.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 14083500.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| |
|---|
| Keezhallur Grama Panchayat BALANCE SHEET |

| | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 78132192.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 125665.00 |
| 312000000 | Reserves | B-3 | 48313483.00 |
| | Total Reserve & Surplus | | 126571340.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4639796.00 |
| | Total Grants, Contributions for Specific Purposes | | 4639796.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 4686820.00 |
| 341000000 | Deposits Works | B-8 | 232.00 |
| 350000000 | Other Liabilities | B-9 | 3057858.00 |
| | Total Current Liabilities and Provisions | | 7744910.00 |
| | TOTAL LIABILITIES | | 138956046.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 90899152.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -32099786.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 58799366.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 8629737.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 66035597.00 |
| 460000000 | Loans, Advances and Deposits | B-18 | 5471346.00 |
| | Total Current Assets, Loans and Advances | | 80136680.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 138956046.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.